പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

| | | |
|---|---|---|
| പുസ്തകം 1<br>ലക്കം 6 | എറണാകുളം 1970 മാർച്ച് 8 ഞായർ | വില 35 സ. |

## * ഈ ലക്കത്തിൽ *

* കുറിപ്പുകൾ
**പത്മശ്രീമാന്മാർ**

* കാഴ്ചപ്പാടുകൾ
**യൂത്ത് കോൺഗ്രസ്സുകാർ ചിന്തിക്കുമോ?**

* ലേഖനം
**ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം**

* എഴുത്താപ്പുറം

* കത്തുകൾ

കുറിപ്പുകൾ

## പത്മശ്രീമാന്മാർ

ബംഗാളി ചലച്ചിത്ര സംവിധായകനായ ഋത്വിക്ഘടക്കിനു പത്മശ്രീ ബഹുമതി നൽകിയതു് ലോകസഭയിൽ വലിയ ഒച്ചപ്പാടിനു ഇടയാക്കിയിരിക്കുന്നു. ഋത്വിക്ക്ഘടക്കിന്റെ കലാപരമായ കഴിവുകളെപ്പററി ഞങ്ങൾക്കു അറിഞ്ഞുകൂടാ. കലാപരമായി അദ്ദേഹത്തിനു എന്തെങ്കിലും കഴിവു് കുറവുണ്ടെന്നു ലോകസഭയിൽ വിമർശിച്ചും കേട്ടില്ല.

അദ്ദേഹത്തിനു പത്മശ്രീ നൽകിയതിനെപ്പററി പരാതിക്കു കാരണം ഗാന്ധിജിയെ മുമ്പു് വിമർശിച്ചിട്ടുണ്ടെന്നതാണ്. ആചാര്യ കൃപലാനിയും സിൻഡിക്കേററ് നേതാവു് റാംസുഭാഗ്സിങ്ങും ബജററ് ചർച്ചയുടെ അവസരത്തിൽ കേന്ദ്ര സർക്കാരിനെ വിമർശിക്കാൻ ഒരായുധമായി ഉപയോഗിച്ചത് ഋത്വിക്ക് ഘടക്കിനു പത്മശ്രീ നൽകിയ കാര്യമാണ്. ബംഗാൾ മുഖ്യമന്ത്രി അജയ്മുഖർജിയും ഈ നേതാക്കളുടെ കൂട്ടത്തിൽ കൂടിയിട്ടുണ്ടു്. സംസ്ഥാന ഗവർമ്മെണ്ടു് ഋത്വിക്ക് ഘടക്കിന്റെ പേർ ശുപാർശ ചെയ്തിട്ടില്ലെന്നും മററും അദ്ദേഹം പ്രസ്താവിച്ചു കേട്ടു.

ഗാന്ധിജിയെ അധിക്ഷേപിച്ചുകൊണ്ടു് 'ആരെങ്കിലും എന്തെങ്കിലും പറഞ്ഞതു് ബഹുമതികൾ നൽകാനുള്ള അയോഗ്യതയായിത്തീരുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല. കലാകാരന്മാരെ സംബന്ധിച്ചിടത്തോളം ഡൽഹിയിലെ ഉന്നതന്മാർക്കു അതു് ഒട്ടും അയോഗ്യതയായിത്തോന്നാനും പാടില്ലാത്തതാണ്. കലാകാരന്മാർ ദന്തഗോപുരത്തിലിരിക്കുന്നവരായിരിക്കണമെന്നാണല്ലോ ഈ ഉന്നതന്മാരുടെ സങ്കല്പം. വ്യക്തിജീവിതത്തെ ഗണ്യമാക്കാതെ, കലാസൃഷ്ടിയെ മാത്രം ആധാരമാക്കി കലാകാരനെ വിലയിരുത്തണമെന്നുമാണ് അവരുടെ സിദ്ധാന്തം. കലാകാരനെന്ന മുദ്രയുണ്ടെങ്കിൽ, മദ്യപാനിയോ വ്യഭിചാരിയോ പണം പിടുങ്ങുന്നതു് തൊഴിലാക്കിയവനോ എന്നൊന്നും നോക്കാതെ ഇയിടെ ബഹുമാനിക്കപ്പെടുന്നുമുണ്ടു്.

ഋത്വിക്ക്ഘടക്കിനു പത്മശ്രീ നൽകിയതിൽ എതിർപ്പുണ്ടായിട്ടുള്ളതു് രാഷ്ട്രീയ കാരണം കൊണ്ടു് മാത്രമായിരിക്കണം. അദ്ദേഹം കമ്മ്യൂണിസ്റ്റു് അനുഭാവിയോ, ഇടതുപക്ഷക്കാരനോ ആയതാണ് കൃപലാനിക്കും കൂട്ടർക്കും അമർഷത്തിനു കാരണമായിട്ടുള്ളതു്. ഗാന്ധിജിയെ അധിക്ഷേപിച്ചുവെന്നയാരോപണം ആത്മാർത്ഥമായി ഉന്നയിക്കുന്നതാകാനിടയില്ല. കാരണം സ്വാതന്ത്ര്യ സമരത്തെ ഒററു കൊടുത്തവർ തന്നെ മുമ്പു് 'പത്മബഹുമതി, കൾക്കു പാത്രമായിട്ടുണ്ടു്. സ്വാതന്ത്ര്യ സമരത്തിനെതിരായിരുന്ന 'അണ്ണാദുരെ'യെ തപാൽ മുദ്രയിറക്കി ബഹുമാനിച്ചിട്ടുണ്ടു്. നായർ വർഗ്ഗീയതയുടെ വക്താവായ മന്നത്തു് പത്മനാഭനു പത്മവിഭൂഷൺ നൽകിയിരുന്നു. ഒരു ചലനവും സമൂഹത്തിലുണ്ടാക്കാത്തവർക്കും ഇന്നത്തെ ബഹുമതി നൽകപ്പെട്ടിട്ടുണ്ടു്. മനോരമ പത്രാധിപർ കെ. എം. ചെറിയാനു് പത്മശ്രീ നൽകിയതിനു എന്താണു് മാനദണ്ഡം?

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പാദസേവ മാത്രം ചെയ്തു് റിട്ടയർ ചെയ്തവർ ഗാന്ധി ശതാബ്ദിയാഘോഷക്കമ്മററിയുടെ വരെ അദ്ധ്യക്ഷനാക്കപ്പെട്ടിട്ടുണ്ടെന്നു ആചാര്യകൃപലാനിക്കു അറിഞ്ഞുകൂടെ? യജമാന ഭക്തിയോടെ ബ്രിട്ടീഷുകാരെ സേവിക്കുകയും സ്വതന്ത്ര ഇന്ത്യയുടെ സ്ഥാനപതിയായി റഷ്യയിൽ പോകുകയും റഷ്യയുടെ സ്ഥാനപതിയായി ഇന്ത്യയിൽ തിരിച്ചുവരുകയും ചെയ്ത കെ.പി.എസ്സ്...

(ശേഷം 16-ം പേജിൽ)

# എഴുതാപ്പുറം

ബംഗാളിൽ ബിർളയുടെ വ്യവസായങ്ങൾക്ക് രക്ഷയില്ലാതായതിനെപ്പററി 'മലയാള മനോരമ' വിലപിച്ചിരിക്കുന്നു. കേരളത്തിൽ നിന്നു പ്രീമിയർ ടയർ കമ്പനി പോകാനിടവരുമോ എന്ന ആശങ്കയും മനോരമ പ്രകടിപ്പിച്ചിട്ടുണ്ട്. "കേരളത്തിലെ മാർക്സിസ്റ്റുകാർ എവിടെനിന്നോ ആയുധം ശേഖരിക്കുന്നുണ്ടെന്നും സായുധ പരിശീലനം നടത്തുന്നുണ്ടെന്നുമുള്ള വാർത്തകൾ കേവലം കിംവദന്തികളല്ലെന്നാണ് നമ്പൂതിരിപ്പാടിന്റെ ഭീഷണി വ്യക്തമാക്കുന്നതെന്നു പറഞ്ഞുകൊണ്ടാണ് ബംഗാളിൽ ബിർളയെ രക്ഷിക്കാൻ കേന്ദ്ര ഗവർമ്മെണ്ട് ഓടിയെത്താത്തതിൽ പരിതപിക്കുന്നതു്.

കേരളത്തിൽ മാർക്സിസ്റ്റുകാർ ആയുധമെടുത്തു് വിപ്ലവത്തിനും അക്രമത്തിനും വരുന്നുവെന്ന 'മനോരമ, സ്വപ്നം കണ്ടതാകാം. കേരളീയർക്കറിയാവുന്ന കാര്യം മാർക്സിസ്റ്റുകാർ ഭരിക്കുമ്പോൾ തന്നെ അവരുടെ ഒരു എം. എൽ. എ. യെ ആരോ വെടിവെച്ചു കൊന്നുവെന്നാണ്. ഇതിനും പുറമെ അവർ അധികാരത്തിൽ നിന്നുപോയ ശേഷം അവരുടെ അഞ്ചാറു എം. എൽ. എ. മാരെ തല്ലി ആശുപത്രിയിലുമാക്കിയിട്ടുണ്ട്. 'ആയുധങ്ങൾ ശേഖരിച്ചു വിപ്ലവം നടങ്ങുന്ന രാഷ്ട്രീയ പാർട്ടികൾ ബംഗാളിൽ ഉണ്ടെന്നറിഞ്ഞിട്ടും കേന്ദ്രഗവർമ്മെണ്ട് ആ പ്രശ്നം വീക്ഷിച്ചുകൊണ്ടിരിക്കുന്ന രീതിയെപ്പററിയാണ് 'മനോരമ'ക്കു അത്ഭുതം തോന്നുന്നതു്. സംസ്ഥാന ഗവർമ്മെണ്ട് ക്രമസമധാനപാലനം നടത്തുന്നില്ലെന്നു മനോരമക്കു ഉറപ്പായി കഴിഞ്ഞു. 'ബംഗാളിൽ വിമോചന സമരം ഉണ്ടായാലും കേന്ദ്രം ഇടപെടുമോയെന്നും ശങ്കിക്കേണ്ടിയിരിക്കുന്നു' വെന്നാണ് പത്രം പറയുന്നതു്.

കേന്ദ്രഗവർമ്മെണ്ടിനെക്കാൾ കൂടുതൽ നിയമക്രമ സമാധാനപാലന കാര്യത്തിൽ 'മനോരമ, ക്കാണ് നിഷ്ക്കർഷ. എല്ലാം വ്യവസായങ്ങളും ഇഷ്ടം പോലെ നടത്താൻ അനുവദിക്കാത്തതിന്റെ പേരിലാണ്. അതിനു പറയുന്ന കാരണമോ? ബിർളാ സ്ഥാപനങ്ങൾ പശ്ചിമ ബംഗാളിന്റെ വ്യവസായ പുരോഗതിയിൽ വഹിച്ച പങ്കു പരിഗണിക്കുന്ന ബംഗാളികൾ ആരും ആ സ്ഥാപനങ്ങൾ അവിടെനിന്നു മാറിപ്പോകുന്നതിനെ സഹിഷ്ണുതയോടുകൂടി വീക്ഷിക്കുമെന്നു തോന്നുന്നില്ലത്രെ? സഹിഷ്ണുതയോടുകൂടി വീക്ഷിക്കുകയില്ലെന്നതു് ശരിയാണ് ഇഷ്ടം പോലെ ചൂഷണം ചെയ്തു് കൊഴുത്തശേഷം ഭാണ്ഡവും മുറുക്കി കെട്ടി, ജോലിചെയ്യുന്ന തൊഴിലാളികളെ വിട്ടെറിഞ്ഞ് കൂടുതൽ ലാഭമന്വേഷിച്ച് കടന്നുകളയാൻ മുതലാളിമാരെ അനുവദിക്കുകയില്ല. ഇന്നു അതിനു നിയമവും 'ഭരണഘടനയും അനുവദിക്കുന്നുണ്ട്. പക്ഷെ സംഘടിതരും അവകാശ ബോധമുള്ളവരുമായ തൊഴിലാളിവർഗ്ഗം അതനുവദിക്കാതായിത്തുടങ്ങിയതിലാണ് 'മനോരമ' യുടെ സങ്കടം.

ബിർളാ സ്ഥാപനങ്ങൾ ബംഗാളിന്റെ വ്യവസായ പുരോഗതിയിൽ വഹിച്ച പങ്ക് വിസ്മരിക്കപ്പെടുന്നതിലാണ് മനോരമ മുതലാളിക്കു പരാതി. ബംഗാളിനെയങ്ങു ഉദ്ധരിച്ചുകളയാമെന്നു കരുതിയല്ലേ ബിർള ചെന്നു ബംഗാളിൽ വ്യവസായം തുടങ്ങിയതു്? പാവം ബിർള! ജനങ്ങളെയുദ്ധരിച്ച് കഴിഞ്ഞ ഇരുപതുകൊല്ലം 40 കോടി രൂപയിൽ നിന്നു 500 കോടി രൂപയുടെ സ്വത്തല്ലേ ബിർളയുണ്ടാക്കിയുള്ളു. 'മനോരമ, യാണെങ്കിൽ അത്രയൊന്നുമുണ്ടാക്കിയിട്ടില്ല. കുറെ കടമുണ്ടായിരുന്നതു് വീട്ടി ഏതാണ്ട് 20 കോടി രൂപയുടെ സ്വത്തേ ഉണ്ടാക്കിയിട്ടുള്ളു. ബിർള ബംഗാളിൽച്ചെയ്തയത്ര സേവനം 'മനോരമ, മുതലാളിമാർ കേരളത്തിലും ചെയ്യാൻ ശ്രമിക്കുന്നുണ്ടായിരിക്കും.

ജനങ്ങൾ തെരഞ്ഞെടുത്തു അധികാരത്തിലാക്കിയ ഒരു ഗവർമ്മെണ്ടാണു ബംഗാൾ ഭരിക്കുന്നതെന്നു ശരിയാണെന്നു സമ്മതിക്കാൻ 'മനോരമ' സൽബുദ്ധികാണിച്ചിട്ടുണ്ട്. എന്നുവെച്ച് ബിർളക്കു ചൂഷണസൗകര്യം ചെയ്തുകൊടുക്കാത്തതിലാണു പരാതി. ബിർളാ സ്ഥാപനങ്ങൾ എങ്ങോട്ടു മാറുമെന്നു് വ്യക്തമായിട്ടില്ല. മററു് ഇന്ത്യൻ സംസ്ഥാനങ്ങളിലും നക്സലൈററുകളും മാർക്സിസ്റ്റുകളും തടസ്സമുണ്ടാക്കുകയില്ലെന്നുള്ളതിനു എന്താണുറപ്പെന്നും മനോരമ വേദനയോടെ ചോദിക്കുന്നു. ഒരുറപ്പുമില്ല. 'മനോരമ'യെപ്പോലുള്ളവർ ഇന്നത്തെ രീതിയിൽ ചൂഷണം തുടർന്നാൽ അതു വളരെവേഗം തന്നെ സംഭവിക്കുകയും ചെയ്യും. ഇന്ത്യയിൽ ഏതു സംസ്ഥാനത്തും വ്യവസായം നടത്താൻ പൗരനു സുരക്ഷിതത്വം വേണമെന്നാണ് മനോരമയുടെ ആവശ്യം. വ്യവസായം നടത്താനല്ലാ ജീവിക്കാനും ഇന്ത്യയിലെ ഏതു പൗരനും സൌകര്യം നൽകണമല്ലോ. 'മനോരയും' ബിർളയും ജീവിച്ചില്ലെങ്കിലും വലിയ കുഴപ്പമൊന്നും വരാനുമില്ല. ചൂഷണം ഇല്ലാതാകുകമാത്രമേ സംഭവിക്കുകയുള്ളു.

'ബിർളാമാർ' ബംഗാളിനോടു കാണിച്ച സ്നേഹംപോലുള്ള സ്നേഹമൊന്നും 'മനോരമ', മുതലാളിമാർ കേരളത്തോടു കാണിച്ചിട്ടില്ല. ഇവിടെ തൊഴിൽരംഗത്തെ രാഷ്ട്രീയത്തെപ്പററി മനോരമക്കു നല്ലവണ്ണം അറിയാമായിരുന്നു. അവർ തന്നെ ഈ വിഷയത്തെക്കുറിച്ച് മാർച്ച് 4-ാം നു- എഴുതിയ മുഖപ്രസംഗം നോക്കണം. 'റബ്ബർ ഉല്പാദനത്തിൽ പ്രമുഖസ്ഥാനം വഹിക്കുന്ന കേരളത്തിൽ പ്രീമിയർ ടയർ കമ്പനിയെപ്പോലുള്ള സ്ഥാപനം തുടങ്ങിയാൽ അതു് അങ്ങേയററം വിജയിപ്പിക്കാനും വികസിപ്പിക്കാനുമാണ് രാജ്യതാൽപ്പര്യമുള്ളവർ ശ്രമിക്കേണ്ടതെന്നാണ് 'മനോരമയുടെ' ഉപദേശം. രാജ്യതാൽപ്പര്യമുള്ളവരോടുള്ള ഉപദേശം മാത്രമാണ്', എന്നുവെച്ച് മനോരമക്കു ബാധകമാണെന്നു ധരിക്കരുതു്. കേരളത്തിൽ റബ്ബർ ധാരാളമുണ്ടെന്നു നല്ലവണ്ണം അറിയാവുന്നവരാണല്ലോ മനോരമക്കാർ. ആയിരക്കണക്കിനു ഏക്കർ റബ്ബർ തോട്ടം അവർക്കു സ്വന്തമായിത്തന്നെയുണ്ട്. എന്നിട്ടും മനോരമയുടെ അഖിലേന്ത്യാ

## ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെൻറ് റോഡ്, എറണാകുളം, എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല

വീക്ഷണം നോക്കു. അവർ പോയി തമിഴ്നാട്ടിൽ ചെന്നല്ലേ 'മദ്രാസ്സ് റബ്ബർ ഫാക്റ്ററി' തുടങ്ങിയതു്. ബോംബെയിൽ നിന്നു് ദേശായിമാർവന്നു്, കേരളാഗവർമ്മെണ്ടിന്റെ പണം പകുതിയിലധികം മേടിച്ചു് കേരളത്തിൽ റബ്ബർ ഫാക്റ്ററി തുടങ്ങാൻ കാണിച്ച സേവനമനോഭാവമൊന്നും മനോരമ കാണിച്ചിട്ടില്ലല്ലോ. പക്ഷെ വ്യവസായരംഗത്തു കേരളം അവഗണിക്കപ്പെടുന്നതിനു മനോരമയുടെ വേദന കാണുമ്പോൾ ഹൃദയമുള്ളവർക്കു സങ്കടം തോന്നും.

തൊഴിൽ രംഗത്തെ രാഷ്ട്രീയം ശരിക്കും അറിയാവുന്നവരാണു് മനോരമക്കാർ. അതുകൊണ്ടു് അവർ അതിനെതിരാണു്. ബിർളാവ്യവസായങ്ങൾ മാററിയാൽ കൽക്കത്തക്കും ബംഗാളിനുമാണു് ബിർളയെക്കാൾകൂടുതൽ നഷ്ടമെന്നു ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ടാണു് ഇത്തവണ മുഖപ്രസംഗം തുടങ്ങുന്നതു്. റബ്ബർ ഫാക്ടറിയോ മറേറാ ആണെങ്കിൽ മാററി സ്ഥാപിക്കാം. ഒരുപക്ഷെ മനോരമയിൽ തൊഴിലാളിസമരമുണ്ടായാലോ? കോട്ടയവും കോഴിക്കോടും വിട്ടു് മദ്രാസ്സിൽ നിന്നും കോയമ്പത്തൂരിൽ നിന്നും മലയാളപത്രം അച്ചടിച്ചിറക്കാൻ പററുമോ?

അതാലോചിച്ചിട്ടായിരിക്കണം തൊഴിൽരംഗത്തു് രാഷ്ട്രീയം കൊണ്ടുവരരുതെന്നു് മനോരമ ഉപദേശിക്കുന്നതു്. ''ഓരോ രാഷ്ട്രീയ പാർട്ടിയും സ്വാധീനം വർദ്ധിപ്പിക്കാൻ തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിച്ചു തുടങ്ങിയതോടുകൂടി ഇന്നും തൊഴിലാളികളും വ്യവസായസ്ഥാപനങ്ങളും നശിക്കുന്ന കാഴ്ചയാണു് കാണുന്നതു്. പ്രീമിയർ ടയർ കമ്പ''നി അതിനൊരൊന്നാന്തരം ഉദാഹരണമത്രേ. തൊഴിലാളികൾക്കു വേണ്ടത്ര രാഷ്ട്രീയപ്രബുദ്ധതയില്ലെന്നുള്ളതാണു് ശോചനീയമായ കാര്യം. അല്ലെങ്കിൽപിന്നെ മനോരമയിൽ ചെയ്യുന്നതുപോലെ മുതലാളിതന്നെ യൂണിയൻ സംഘടിപ്പിക്കാനും തൊഴിലാളിയെക്കൊണ്ടു് കവാത്തെടുപ്പിക്കാനും പററുമോ? രാഷ്ട്രീയബോധമുള്ളവർക്കു കടന്നുചെന്നു യൂണിയനുണ്ടാക്കാൻ കഴിഞ്ഞാൽ ഇതേപോലെ കീശയിലിട്ടുകൊണ്ടു് നടക്കാൻ പററിയ യൂണിയനുകളുണ്ടാവില്ല.

ഒന്നിലധികം രാഷ്ട്രീയപാർട്ടികൾ ഒരു വ്യവസായ സ്ഥാപനത്തിൽ പ്രവർത്തിച്ചതുകൊണ്ടു് കുഴപ്പമൊന്നുമില്ല. രാഷ്ട്രീയബോധമുള്ള തൊഴിലാളികൾക്കു എന്തെല്ലാം അവകാശം ചോദിക്കണമെന്നും എങ്ങിനെയൊക്കെ സമരം ചെയ്യണമെന്നും അറിയാം. 'ഒരു വ്യവസായസ്ഥാപനത്തിൽ ഒരു തൊഴിലാളി യൂണിയൻ മാത്രമേ ഉണ്ടായിരിക്കാവൂ എന്നു നിഷ്കർഷിക്കുന്നതു് വളരെ ആവശ്യമാണെന്നുതോന്നുന്നു'' എന്നാണു് 'മനോരമ' പറയുന്നതു്. ഈ തത്വമനുസരിച്ചു് ഒരു രാജ്യത്തു് ഒരു പാർട്ടി മാത്രമേ ഉണ്ടായിക്കൂടൂവെന്നും പറയാമല്ലോ. റഷ്യയേയും ചൈനയേയും പററിയൊക്കെ 'മനോരമയുടെ പരാതി അവിടെ ഒന്നിലേറെ പാർട്ടികൾ ഇല്ലെന്നല്ലേ? ഒരു യൂണിയനേ പാടുള്ളൂവെന്നു മനോരമയെപ്പോലുള്ള മുതലാളിമാർ പറയുമ്പോൾ തന്നെ സൂക്ഷിക്കണം. തൊഴിലാളിയെ നന്നാക്കാൻ ഒരു മുതലാളിയുമുപദേശിക്കയില്ലല്ലോ. ഒരു പക്ഷെ, ഒരു യൂണിയനേയുള്ളുവെങ്കിൽ അത്രയും കുറച്ചു നേതാക്കളെ പാട്ടിലാക്കിയാൽ മതിയല്ലോ എന്നായിരിക്കും വിചാരം.

ഒരു വ്യവസായ സ്ഥാപനത്തിൽ ഒന്നിലധികം തൊഴിലാളി യൂണിയനുകളുണ്ടായാലും രാഷ്ട്രീയ പ്രബുദ്ധതയുള്ള തൊഴിലാളികൾ തങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി ഒന്നിച്ചു പ്രവർത്തിച്ചുകൊള്ളും. പരസ്പരം മത്സരിക്കുന്നുവെന്നവകാശപ്പെടുന്ന മുതലാളിമാർക്കുതന്നെ ഒന്നിച്ചുചേർന്നു കൂട്ടായി പ്രവർത്തിക്കാമെങ്കിൽ പിന്നെ പരസ്പരം മത്സരിക്കരുതെന്നറിയാവുന്ന തൊഴിലാളികൾക്കു ഒന്നിച്ചുചേർന്നു പ്രവർത്തിക്കാനാണോ പ്രയാസം. യൂണിയനുകൾ മത്സരിച്ചു് കൂടുതൽ കൂടുതൽ ആവശ്യങ്ങൾ ചോദിക്കുമെന്നാണു് മനോരമയുടെ ഭയം. ചോദിക്കട്ടെ ചോദിക്കാതെ തന്നെ മുതലാളിമാർ ഔദാര്യം കാണിച്ചതുകൊണ്ടായില്ലല്ലോ. ജോലിനഷ്ടപ്പെട്ടും വ്യവസായം നശിക്കുമെന്നൊക്കെ പ്രബുദ്ധതയുള്ള തൊഴിലാളികളെ ആരും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. വ്യവസായങ്ങൾ പൊളിച്ചുകൊണ്ടുപോകാതെ നോക്കാനും അതു് ഏറെറടുത്തു നടത്താനും തൊഴിൽ സംരക്ഷിക്കാനും തൊഴിലാളിക്കറിയാം. അറിയില്ലെങ്കിൽ തന്നെ മനോരമയെപ്പോലുള്ള മുതലാളിമാരുടെ ഉപദേശം തീരെ ആവശ്യമുണ്ടാകയില്ല. രാഷ്ട്രീയക്കാർ കടന്നുവന്നാൽ തൊഴിലാളികൾ കാര്യം മനസ്സിലാക്കുമെന്നാണു് മനോരമയുടെ ഭയം. മേലിൽ യൂണിയൻ ലേബലൊട്ടിച്ചു് തൊഴിലാളികളെ അടിമകളാക്കിക്കൊണ്ടു് നടക്കാനും പററില്ല.

X X X X

'ആരെങ്കിലും മൂടിവെക്കാൻ ശ്രമിക്കുന്നതെന്തോ, അതാണു വാർത്ത; മററുള്ളതെല്ലാം പ്രചരണമാണു്'' എന്നാണു് പത്രസ്വാതന്ത്ര്യമുള്ള നാട്ടിൽ പത്രമുതലാളിമാർ തന്നെ പറഞ്ഞിട്ടുള്ളതു്. പക്ഷെ നമ്മുടെ നാട്ടിൽ പ്രചരണം മാത്രമേ 'സ്വതന്ത്ര' പത്രങ്ങൾക്കു വാർത്തയാകുന്നുള്ളുവെന്നു തോന്നുന്നു. കേരളത്തിലെ ഏററവും വലിയ വ്യവസായ സ്ഥാപനമായ എഫ്. എ. സി. ടി. യുടെ മാനേജിങ്ങ് ഡയറക്ടർ എം. കെ. കെ. നായരുടെ വസതിയിൽ കേന്ദ്ര രഹസ്യാന്വേഷണ വകുപ്പ് പരിശോധന നടത്തിയ കാര്യം നമ്മുടെ പ്രമുഖ പത്രങ്ങളിൽ വാർത്തയേയായിരുന്നില്ല. ഡിസമ്പർ 8 നു- യാണു്. എം. കെ. കെ. നായരുടെ വസതി പരിശോധിച്ചു് സി. ബി. ഐ. ക്കാർ കുറെ രേഖകൾ കണ്ടെടുത്തതു്. അക്കാര്യം പത്രങ്ങൾ അറിയാത്തതൊന്നുമല്ലാ. എന്നാലും എം. കെ. കെ. നായർക്കെതിരായി പത്രങ്ങളിൽ വാരത്ത വരുകയില്ലെന്നതു് അലിഖിത നിയമമാണു്.

അവസാനം പാർലിമെന്റിൽ സി. ബി. ഐ. യുടെ അന്വേഷണത്തെപ്പററിയുണ്ടായ ചോദ്യവും മറുപടിയും 'മനോരമ, യും 'കേരള കൗമുദി' യും അറിഞ്ഞ ഭാവമേ നടിച്ചില്ല. 'മാതൃഭൂമി'യുടെ കോഴിക്കോട്ട് പത്രത്തിൽ വാരത്ത ചെറുതായി കണ്ടു. നായരു വായിക്കുന്ന പത്രത്തിൽ വാർത്ത വരാതിരിക്കാൻ അവരും ശ്രമിച്ചു. കേരളത്തിലെ പത്ര വായനക്കാർക്കു ഇതിലൊന്നും അത്ഭുതം തോന്നാതായിട്ടുണ്ടു്. ഏലൂർ രാജാവിന്റെ കൃപാകടാക്ഷം മൂലം അനുഗ്രഹം ലഭിക്കാത്തതായി പത്രങ്ങളൊന്നും ഇല്ല. എഫ്. എ.സി.ടീ. യുടെ പര

'നിർണ്ണയം' വാരികയുടെ വരിക്കാരാവുന്നതിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽവിലാസം

മാനേജർ 'നിർണ്ണയം'
കോൺവെൻറ് റോഡ് കൊച്ചി_11

വാർഷികവരിസംഖ്യ 16 ക
അർദ്ധവർഷത്തേക്കു് 8 ക.

സ്യം കൊണ്ടു് മാത്രം ജീവിക്കുന്ന പത്രങ്ങളും വാരികകളും മാസികകളും തന്നെ ഈ നാട്ടിലുണ്ടു്. പൊതുപ്പണം ചെലവഴിക്കുന്നതിനു പ്രയോജനം വേണമെന്നൊന്നും ഐ. എ. എസ്സ്. യജമാനന്മാർക്കു തോന്നാറില്ലല്ലോ. ഗാന്ധിജിയുടെ ചിത്രവും അടിച്ചു് ധൂർത്തടിപ്പരസ്യങ്ങൾ നടത്തുന്ന ഈ പൊതുമേഖലാ തലവൻ എല്ലാത്തരം വാർത്താവിനിമയപോധികളേയും പരസ്യം കൊടുത്തു് പാട്ടിലാക്കിയിരിക്കയാണു്. (ഗാന്ധിജിയുടെ ചിത്രം പരസ്യങ്ങൾക്കുപയോഗിക്കാൻ പാടില്ലെന്നു ഗവർമ്മെണ്ടിന്റെ ചട്ടമുണ്ടെന്നാണു് വെപ്പ്)

അനർഹമായ പരസ്യവും അതുവഴി കാശും കിട്ടുന്നതുകൊണ്ടല്ലെങ്കിൽ പിന്നെ ഇത്ര പ്രാധാന്യമുള്ള വാർത്ത പൂഴ്ത്തിവെക്കുന്നതെന്തിനു? പൊതുവുടമയിലുള്ള സ്ഥാപനമായ എഫ്. എ. സി. ടിയേയും അതിന്റെ മാനേജിങ്ങ് ഡയറക്ടറേയും സംബന്ധിക്കുന്ന അന്വേഷണത്തിനു തീർച്ചയായും വാർത്താ പ്രാധാന്യമുണ്ടെന്നു് പത്രപ്രവർത്തകർക്കും വായനക്കാർക്കും അറിയാം. നാലായിരത്തിലധികം ജോലിക്കാരുള്ളതാണു് ഈ കേന്ദ്രഗവർമ്മെണ്ടു് സ്ഥാപനം. ഇതിനൊക്കെപ്പുറമെ ഇതിന്റെ മാനേജിങ്ങ് ഡയക്ടറായ ഐ. എ. എസ്സ്. കാരൻ കേന്ദ്രഗവർമ്മെണ്ടിലെ ഏതോ അസിസ്റ്റൻറ് സെക്രട്ടറിയോ മറ്റോ ആണെങ്കിലും ആ നിലയിലല്ലല്ലോ നമ്മുടെ പത്രങ്ങൾ അദ്ദേഹത്തിനു മറ്റു രംഗത്തു് വാർത്താപ്രാധാന്യം കൊടുക്കാറുള്ളതു്.

ഏലൂർ രാജാവു കലകളുടേയും കളികളുടേയും രക്ഷാധികാരിയാണു്. വളം നിർമ്മാണശാലയുടെ തലവനായ നായർക്കു് കേരളത്തിൽ ആ രംഗത്തുള്ളതിനേക്കാൾ കേൾവിയും പ്രശസ്തിയും പത്രങ്ങൾതന്നെ മറ്റു രംഗങ്ങളിൽ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. പത്രങ്ങളും നായരും അദ്ദേഹത്തിന്റെ പൊതുസമ്പർക്കവകുപ്പും ഒരു സിൻഡിക്കേറ്റുതന്നെ രൂപവൽക്കരിച്ചിരിക്കുന്നു. പരസ്യം മാത്രമായാൽ എഫ്. എ. സി. ടി. ക്കും രാസവളത്തിനും മാത്രമല്ലേ ഗുണമുണ്ടാകുകയുള്ളുവെന്നുകരുതി ഇദ്ദേഹം സ്വന്തം പ്രചരണപരിപാടിയും പൊതുപ്പണം ചെലവഴിച്ചു നടത്തുന്നുണ്ടു്.

എന്തെങ്കിലും മൂടിവെയ്ക്കുവാനുള്ള ഒരാളല്ലാതെ ഇത്രയേറെ പ്രചരണാർത്തി കാണിക്കുമോ എന്നു സംശയമാണു്. അദ്ദേഹം കേരളകലാമണ്ഡലം ചെയർമാനാണു്, ഉൽപ്പാദനക്ഷമത കൗൺസിൽ നേതാവാണു്, മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ തലവനാണു്, ടെന്നീസ് അസോസിയേഷൻ പ്രസിഡൻറാണു്, ക്രിക്കറ്റു് അസോസിയേഷൻ പ്രസിഡൻറാണു്, അയ്യപ്പാസേവാസംഘത്തിന്റെ ജീവനാഡിയാണു്. ഇതിനൊക്കെ പുറമേ മറ്റെന്തൊക്കെയോയാണു്. ചുരുക്കത്തിൽ വളം നിർമ്മാണരംഗത്തൊഴികെ അദ്ദേഹത്തിന്റെ കീർത്തി ചെന്നെത്താത്തമണ്ഡലങ്ങളില്ല. പിന്നെ എങ്ങനെ പത്രങ്ങൾ വസതി പരിശോധനാ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തണം.

ഏതു രംഗത്തു പ്രവർത്തിക്കുന്നവർക്കും മെയ്യനങ്ങാതെ കാര്യം നടക്കാൻ എന്തിന്റേയും രക്ഷാധികാരിയായി ഒരാളുള്ളപ്പോൾ ആളുകൾ പറ്റിക്കൂടാതിരിക്കുകയില്ലല്ലോ. എന്തെങ്കിലും സഹായം മേടിച്ചുപോയാൽ പിന്നെ അദ്ദേഹത്തിനെതിരായി സത്യം തുറന്നു പറയാനും മടിയുണ്ടാകും. അങ്ങിനെ ഈ വാണിജ്യവകുപ്പ് ജോയിൻറു് സെക്രട്ടറി കേരളത്തിനകത്തും പുറത്തും പൊതുച്ചെലവിൽ ഒരു വമ്പിച്ച പരിവാരത്തെ വളർത്തിയെടുത്തിട്ടുണ്ടു്. ബന്ധുക്കൾക്കു ജോലി കൊടുത്തോ, സാഹിത്യകലാപത്രപ്രവർത്തക സമ്മേളനങ്ങൾ സംഘടിപ്പിച്ചോ തൊട്ടെണ്ണാവുന്ന സോവനീറുകൾക്കു പരസ്യം കൊടുത്തോ സ്വാധീനിക്കപ്പെട്ടവർ 'ഇതൊക്കെയാണെങ്കിലും ആളെ സമ്മതിക്കണം' എന്നു പ്രശംസിക്കുന്നതും കേൾക്കാം. എന്തും ചെയ്തു് സ്വാർത്ഥം നേടുന്നവരെയാണല്ലോ ഇവിടെ സമർത്ഥരായി കണക്കാക്കപ്പെടുന്നതു്.

ആരുടേയും വായ മൂടിക്കെട്ടാൻ പോകുന്ന കൗശലങ്ങൾ പ്രയോഗിച്ചു് പരാജയപ്പെട്ടാൽ ഇതിനകം തന്നെ തന്റെ വലയിൽ കുടുങ്ങിക്കഴിഞ്ഞവർ തന്നെ രക്ഷിക്കാനെത്തുമെന്നു എഫ്. എ. സി. ടി. തലവവറിയാം. ആനന്ദം തുളുമ്പുന്ന 'ഗെസ്റ്റ് ഹൗസ് സൽക്കാരങ്ങളിലോ, ബന്ധുക്കളുടെ ഉദ്യോഗത്തിലോ, വീഴാത്ത രാഷ്ട്രീയനേതാക്കളോ, പരസ്യത്തിലോ, മുൻപറഞ്ഞവയിലോ വീഴാത്ത പത്രക്കാരോ വളരെ വളരെ ചുരുക്കമേയുള്ളുവെന്നദ്ദേഹത്തിനറിയാം. അദ്ദേഹത്തിന്റെ അറിവു് ഏറെക്കുറെ ശരിയുമാണെന്നും തെളിയുന്നുമുണ്ടു്. ഇതു കാരണം എന്തെങ്കിലും ചോദിച്ചിട്ടു് കൊടുക്കാത്തതു കൊണ്ടാണു് തന്നെ 'ദ്രോഹി, ക്കുന്നതെന്നു തന്റെ വിമർശകരെപ്പററി അദ്ദേഹത്തിനു പ്രചരണവും നടത്താം

കലാകാരന്മാരും സാഹിത്യകാരന്മാരും അദ്ദേഹത്തിന്റെ സഹൃദയത്വത്തിന്റെ പേരിൽ അടുത്തുകൂടിപ്പണം പിടുങ്ങുമ്പോൾ അദ്ദേഹമാകട്ടെ പൊതുപ്പണം ചെലവഴിച്ചു് അവരെ പ്രചരണോപാധികളായി മാറ്റുന്നു. പരസ്പരം അറിഞ്ഞുകൊണ്ടുള്ള വഞ്ചന തന്നെ. പഴയ മഹാരാജാക്കന്മാരുടെ സ്ഥാനത്തു് ഇന്നു വ്യവസായികളാണു് കലകളേയും സാഹിത്യത്തേയും പ്രോത്സാഹിപ്പിക്കുന്നതെന്നു അദ്ദേഹം പറഞ്ഞാൽ ഇവർ കയ്യടിച്ചനുമോദിക്കും. "പൊതുപ്പണം ചെലവഴിച്ചു് ആണു് ഈ സേവനമനുഷ്ഠിക്കേണ്ടതു് അതിനിവിടെ സാഹിത്യ അക്കാഡമികളും, ലളിതകലാ അക്കാഡമികളും മറ്റുമുണ്ടു്" എന്നൊന്നും ആരും പറയുകയില്ല. സേവ പിടിച്ചു് സ്വാർത്ഥം നേടുന്നവർ അങ്ങിനെ ചെയ്യുകയില്ലല്ലോ.

കലകളും കഥകളിയും അതിന്റെ പേരിൽ കഥയില്ലാത്ത കളിയും പ്രോത്സാഹിപ്പിക്കുന്ന ഈ സർവ്വകലാവല്ലഭനു നല്കുന്ന പ്രചരണത്തിനുപിന്നിൽ സ്വാർത്ഥലാഭമല്ലാതെ മറ്റൊന്നുമല്ല. അദ്ദേഹത്തേയും സോപ്പുമുതലാളിമാരേയും സ്വാർത്ഥലാഭത്തിനുവേണ്ടി പത്രക്കാർ കലാകാരന്മാരാക്കുന്നതു്, അവിഹിതമായ ഉടമ്പടിപ്രകാരമാണു്, ഇതൊന്നുമറിയാത്ത ഒരു പൊതുജനം ഈ കൊട്ടിഘോഷണം കണ്ടു് അന്ധാളിക്കും. അറിയാവുന്നവർതന്നെ, "നാം അതൊക്കെ എന്തിനു നോക്കുന്നു, നമുക്കു് കാര്യം നടക്കണം, പ്രചരണവും കിട്ടണം" എന്നു വിചാരിച്ചു് ഇത്തരക്കാരെ എഴുന്നള്ളിക്കുകയും ചെയ്യു. പത്രക്കാര ഈ അവിശുദ്ധക്കൂട്ടുകെട്ടിലെ പ്രമുഖ പങ്കാളികളാണു്. അതാണു് സി. ബി. ഐ. അന്വേഷണവാർത്ത പൂഴ്ത്തിവെയ്ക്കപ്പെട്ടതു്. പാവപ്പെട്ട വല്ല സർക്കാർ ജോലിക്കാർക്കെതിരെ വല്ല അന്വേഷണങ്ങളുമുണ്ടായാൻ അതു ചൂണ്ടിക്കാട്ടി അഴിമതിക്കെതിരെ ധാർമ്മികരോഷം കാണിക്കുവാൻ ഈ പത്രങ്ങൾ മടിക്കാറില്ല. പരസ്യം വേണ്ടുന്നതിൽ ഒട്ടും പിന്നോക്കമല്ലെങ്കിലും കേരളത്തിൽ 'ജനയുഗം' മാത്രമേ എഫ്. എ. സി. ടി. മാനേജിംങ്ങ് ഡയറക്ടറുടെ വസതിയിൽനടന്ന അന്വേഷണത്തിന്റെ വാർത്ത അർഹമാംവണ്ണം പ്രസിദ്ധീകരിച്ചുള്ളൂ. ഏലൂരിൽത്തന്നെ

(ശേഷം 16-ാം പേജിൽ)

**കാഴ്ചപ്പാടുകൾ**

# യൂത്ത് കോൺഗ്രസ്സുകാർ ചിന്തിക്കുമോ?

**രാജൻ**

കേരള പ്രദേശ് യൂത്ത് കോൺഗ്രസ്സ് കമ്മററിയുടെ സംസ്ഥാന സമ്മേളനം ഈയാഴ്ച നടക്കുകയാണ്. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി, കോൺഗ്രസ്സ് വർക്കിങ്ങ് കമ്മററി മെമ്പർ ചന്ദ്രശേഖരൻ എന്നിവർ സമ്മേളനത്തോടനുബന്ധിച്ച് കേരളത്തിൽ വരുന്നുണ്ട്. നാലുദിവസമായി നടക്കുന്ന സമ്മേളനത്തിൻെറ ഒരു വിശേഷത വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ സംബന്ധിക്കുന്ന ഒരു ചരച്ചായോഗമാണ്. ഐക്യമുന്നണികളുടെ പങ്കിനെപ്പററി യൂത്ത് കോൺഗ്രസ്സ് കമ്മിററി സംഘടിപ്പിക്കുന്ന ചർച്ചായോഗത്തിൽ വിവിധ രാഷ്ട്രീയകക്ഷിനേതാക്കൾ സംസാരിക്കാൻ പോകുന്നു. അത്രയും നല്ലത്.

പക്ഷെ സംസ്ഥാന സമ്മേളനം വഴി, കേരളത്തിലെ യൂത്ത് കോൺഗ്രസ്സ് സ്വന്തമായി എന്തെങ്കിലും പറയാൻ പോകുന്നുണ്ടോ? അതറിയാനായിരിക്കും രാഷ്ട്രീയ തല്പരരായ ആളുകൾക്കാഗ്രഹം. കാരണം കേരളത്തിലെ യൂത്ത് കോൺഗ്രസ്സിനു ചില പ്രത്യേകതകളുണ്ട്. ഇന്ത്യയിലെ മററു പലയിടത്തും യൂത്ത് കോൺഗ്രസ്സ് കേവലം കടലാസു സംഘടനയാണ്. അതല്ലെങ്കിൽ പ്രാദേശിക കോൺഗ്രസ്സ് നേതാക്കളുടെ കീശയിലൊതുങ്ങുന്ന കുട്ടിസംഘടനയാണ്. എന്നാൽ കേരളത്തിലെ സ്ഥിതി അങ്ങിനെയല്ല. യഥാർത്ഥത്തിൽ ഇവിടെ കോൺഗ്രസ്സെന്നൊന്നുണ്ടെങ്കിൽ അത് യൂത്ത് കോൺഗ്രസ്സ് മാത്രമാണിന്ന്. കെ. പി. സി. സി. യും മററും വല്ലപ്പോഴും യോഗംചേർന്നു പാസ്സാക്കുന്ന അന്തസ്സാരശൂന്യമായ വിലക്കപ്പെട്ട പ്രമേയങ്ങൾക്ക ഇവിടത്തെ വൻകിട പത്രങ്ങൾ നൽകുന്ന അനർഹമായ പ്രചരണത്തിലൂടെയാണ് കോൺഗ്രസ്സ് സംഘടന ജീവിക്കുന്നത്. യൂത്ത് കോൺഗ്രസ്സിൻെറ പിൻബലമില്ലായിരുന്നുവെങ്കിൽ കേരളത്തിലെ കോൺഗ്രസ്സുകാരിൽ ഇന്നുള്ളവരിൽ തന്നെ ഭൂരിഭാഗവും സിൻഡിക്കേററിൻെറ കൂടെ പ്പോകുമായിരുന്നുവെന്നു തീർച്ചയാണ്.

കെ. പി. സി. സി. അഡ്ഹോക്ക് കമ്മററിയുടെ ദുർബലവും കഴിവില്ലാത്തതുമായ നേതൃത്വത്തെയപേക്ഷിച്ച് ഇപ്പോൾ സിൻഡിക്കേററ് നേതൃത്വം കുറെക്കൂടെ കാര്യക്ഷമതയും സംഘടനാചാതുര്യവും പ്രകടിപ്പിക്കുന്നുണ്ട്. ആശയപരമായി അത്രയേറെ വ്യക്തതയോ, അഭിപ്രായ ഭിന്നതയോ കേരളത്തിലെ മൂതിർന്ന കോൺഗ്രസ്സുകാർക്കില്ലാത്തതുകൊണ്ട് അവരിൽ ഭൂരിഭാഗവും സിൻഡിക്കേററിൻെറ കൂടെ പോകാനായിരുന്നു സാധ്യത. അത് സംഭവിക്കാഞ്ഞത് അടുത്ത രണ്ട് മൂന്നു വർഷത്തിനുള്ളിൽ കേരളത്തിലെ കോൺഗ്രസ്സിനുള്ളിൽ അവഗണിക്കാനാവാത്തവിധം സ്വാധീനം ചെലുത്തിയ യൂത്ത് കോൺഗ്രസ്സാണ്.

അതേപോലേതന്നെ കേരളത്തിലെ യൂത്ത് കോൺഗ്രസ്സിൽ ഗുരുതരമായ ഒരു വിഭാഗം ആളുകൾ മാത്രമേ കോൺഗ്രസ്സിൻെറ ഭിന്നിപ്പിനെ തുടർന്നു സിൻഡിക്കേററുകാരായി മാറിയുള്ളുവെന്നു ഓർക്കണം. കെ. പി. സി. സി. യിൽ സിൻഡിക്കേററിനു ഭൂരിപക്ഷമുണ്ടായിരുന്നപ്പോഴത്തെ സ്ഥിതിയാണിത്. യൂത്ത് കോൺഗ്രസ്സിൻെറ നിയന്ത്രണത്തിലുള്ള കെ. എസ്സ്. യു. വിലും സിൻഡിക്കേററുകാർക്ക ഗണനീയമായ തോതിൽ ഭിന്നിപ്പുണ്ടാക്കാൻ സാധിച്ചില്ല.

മുതിർന്ന കോൺഗ്രസ്സുകാരെയപേക്ഷിച്ച് കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാർക്ക ഇതെങ്ങനെ സാധിച്ചുവെന്നു പരിശോധിക്കുന്നത് നന്ന്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏററവും കുറച്ചുകാലം കോൺഗ്രസ്സ് ഭരണത്തിലിരുന്ന സംസ്ഥാനമാണ് കേരളം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിലെ ഫലം പരിശോധിച്ചാൽ കേരളത്തിൽ കോൺഗ്രസ്സിതര കക്ഷികൾ നേരത്തെ തന്നെ പ്രബലരായിരുന്നുവെന്നു കാണാം. തുടർച്ചയായുണ്ടായ തെരഞ്ഞെടുപ്പ് പരാജയങ്ങൾ കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾക്ക അപകർഷതാബോധമുണ്ടാക്കിയിട്ടുണ്ട്. എല്ലാവരും സ്വീകാര്യനായ ഒരു നേതാവിൻെറ അഭാവവും കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നിങ്ങനെ കേരളം മൂന്നായിപ്പിരിഞ്ഞുകിടന്നിരുന്നതും മററും കേരളത്തിലെ കോൺഗ്രസ്സിനെ മററു സ്ഥലങ്ങളെയപേക്ഷിച്ച് കൂടുതൽ ദുർബ്ബലമാക്കി. അധികാരത്തിനുവേണ്ടി നേതാക്കൾതമ്മിൽ നടത്തിയ മത്സരങ്ങളും കുതികാൽവെട്ടും കോൺഗ്രസ്സിനെ അങ്ങേയററത്തെ പരാജയത്തിലെത്തിച്ചു. കേരള സംസ്ഥാന രൂപവൽക്കരണം നടന്നശേഷം നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പരാജയപ്പെടുകയും കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുകയും ചെയ്തു. ഈ സന്ദർഭംവരെ കേരളത്തിലെ കോൺഗ്രസ്സിനു യുവാക്കളെയാകർഷിക്കാൻ കഴിഞ്ഞിരുന്നില്ല. ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഭരണം വന്നയവസരത്തിൽ വിദ്യാർത്ഥി സംഘടനകൾവഴിയായാണ് കോൺഗ്രസ്സിലേക്ക പുതിയ ഒരുസംഘം ചെറുപ്പക്കാർ കടന്നുവരാൻ തുടങ്ങിയത്.

## കെ. എസ്സ്. യു.

സ്റ്റുഡൻസ് ഫെഡറേഷൻ തുടങ്ങിയ വിദ്യാർത്ഥിസംഘടനകൾ തികച്ചും പാർട്ടി നിയന്ത്രണങ്ങൾക്ക വിധേയമായവയായിരുന്നതുകൊണ്ട്, ആരുടെ ഭരണം എന്നു നോക്കാതെ വിദ്യാർത്ഥി താല്പര്യങ്ങൾക്കുവേണ്ടി വാദിക്കുന്ന സംഘടനയിലേക്ക വിദ്യാർത്ഥികളെയാകർഷിക്കാൻ കഴിയുമായിരുന്നു. കമ്യൂണിസ്റ്റ് വിരോധത്തിൻെറ പേരിൽ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയെ കിട്ടുന്ന ഏതു വടിയെടുത്തും അടിക്കാൻ കത്തോലിക്കാ പള്ളി തയ്യാറുമായിരുന്നു. അതുകൊണ്ടു. കത്തോലിക്കാ പള്ളിയുടെ മാനേജ്മെൻറുകളിലുള്ള വിദ്യാലയങ്ങളിലെല്ലാം കമ്യൂണിസ്റ്റ് അനുഭാവികളല്ലാത്ത വിദ്യാർത്ഥി സംഘടനകൾ പ്രോത്സാഹിപ്പിക്കപ്പെട്ടു. ബോട്ടുകൂലി കുറക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരളവ്യാപകമായി നടത്തിയ വിദ്യാർത്ഥി സമരം കെ. എസ്സ്. യു. വിനു സംസ്ഥാനവ്യാപകമായ സ്വാധീനമുണ്ടാക്കി. പ്രത്യക്ഷമായും പരോക്ഷമായും സ്വകാര്യ വിദ്യാലയങ്ങളുടെ മാനേജ്മെൻറുകൾ ഈ വിദ്യാർത്ഥി സംഘടനയെ തങ്ങളുടെ കമ്യൂണിസ്റ്റ് വിരോധം കാരണം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ കുപ്രസിദ്ധമായ വിമോചന സമരം ആരംഭിച്ചു കഴിഞ്ഞിരുന്നു. വിമോചനസമരത്തിനുശേഷം കോൺഗ്രസ്സ് മുസ്ലീം ലീഗ്–പി. എസ്സ്. പി. കൂട്ടുമുന്നണിയധികാരത്തിൽ വരുകയും കോൺഗ്രസ്സിനകത്ത് തന്നെ ശങ്കർ-ചാക്കോ ഗ്രൂപ്പുകൾ ഒരു വശത്തും സി. കെ. ഗോവിന്ദൻ നായരുടെ ഗ്രൂപ്പ് മറുവശത്തുമായി വടംവലി

കൾ ആരംഭിക്കുകയും ചെയ്തിരുന്നു. ശങ്കർ കോൺഗ്രസ്സ് സംഘടനയുടെ കൂടെ നേതാവായിരുന്ന സന്ദർഭത്തിൽ കോൺഗ്രസ്സിനൊരു വിദ്യാർത്ഥി വിഭാഗത്തേയോ യുവജന വിഭാഗത്തേയോ അംഗീകരിക്കാൻ കൂട്ടാക്കിയിരുന്നില്ല. എങ്കിലും കോൺഗ്രസ്സുകാരായ യുവാക്കളുടെ നേതൃത്വത്തിലുള്ള കെ. എസ്സ്. യു. വിനു കോൺഗ്രസ്സിന്റെ വിദ്യാർത്ഥി സംഘടനയെന്ന നില ഏറെക്കുറെ സിദ്ധിച്ചു കഴിഞ്ഞിരുന്നു. പിന്നീട് കെ. പി. സി. സി. പ്രസിഡന്റായി വന്ന സി.കെ. ഗോവിന്ദൻ നായർ യുവാക്കളെയും വിദ്യാർത്ഥികളേയും സംഘടനയുടെ പ്രവർത്തകരായി അംഗീകരിക്കാൻ വിമുഖത കാണിച്ചില്ല. മിക്കവാറും പത്ര പ്രസ്താവനകളിലൂടെയാണ് അന്നു യൂത്തു്കോൺഗ്രസ്സ ജീവിച്ചുവന്നതു്. ശങ്കർ ഗ്രൂപ്പിനു എതിരായി ഒരു മുന്നണി സംഘം എന്ന നിലയിൽ സി. കെ. ഗ്രൂപ്പിന്റെ ഒത്താശയോടെ ഇടക്കാലത്തു് യൂത്തു്കോൺഗ്രസ്സ് ഒരു സംഘടനയാകുകയും ചെയ്തു. കെ. എസ്സ്. യു. വിന്റെ നേതാക്കളായ യുവാക്കൾ തന്നെയായിരുന്നു യൂത്തു് കോൺഗ്രസ്സിലേക്കും പ്രധാന പ്രവർത്തകരായി കടന്നു വന്നവർ.

എന്നാൽ യൂത്തു് കോൺഗ്രസ്സിൽ തന്നെ രണ്ടു് ഗ്രൂപ്പിലുംപ്പെട്ട യുവാക്കൾ ഉണ്ടായിരുന്നതുകൊണ്ടും കെ. എസ്സ്. യു മിക്കവാറും സ്വതന്ത്ര സംഘടനയെന്ന നിലയിൽ തന്നെയാണ് പ്രവർത്തിച്ചതു്. അവസാനം യൂത്തു് കോൺഗ്രസ്സിൽ താരതമ്യേന ഉൽപ്പതിഷ്ണുക്കളായ സി. കെ. ഗ്രൂപ്പുകാർക്കു നേതൃത്വം കീഴടക്കാൻ സാധിച്ചതു് കെ. എസ്സ്. യു. വിന്റെ പിൻബലത്തിന്മേലാണ്. സ്വഭാവികമായും കെ. എസ്സ് യു. വിന്റെ പ്രമുഖ നേതാവായിരുന്ന എം. എ. ജോൺ യൂത്തു് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. കെ. എസ്സ്. യുവിനെ യൂത്തു് കോൺഗ്രസ്സിന്റെ അംഗീകൃത വിദ്യാർത്ഥി സംഘടനയായി നിശ്ചയിച്ചതു് ഇതിനുശേഷം മാത്രമാണ്. എം. എ. ജോണിന്റെ നേതൃത്വത്തിൽ കെ. എസ്സ്. യു വും യൂത്തു് കോൺഗ്രസ്സും ചേർന്നു ആശയരംഗത്തും പ്രവർത്തന രംഗത്തും കൂടുതൽ കൂടുതൽ സ്വതന്ത്രവും പുരോഗമനാത്മകവുമായ നടപടികളെടുത്തു് വന്നു. ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കെ തന്നെ, ഇതിനകം യൂത്തു് കോൺഗ്രസ്സിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലായ കെ. എസ്സ്. യു. ഫീസ് ഏകീകരണ സമരം ആരംഭിച്ചു. ഈ സമരം ഭാഗികമായി വിജയിച്ചതോടെ കെ. എസ്സ്. യു. വും യൂത്തു് കോൺഗ്രസ്സും സ്വകാര്യ വിദ്യാലയ മാനേജ്മെന്റുകളുടെ സ്വാധീനത്തിൽ നിന്നു വിമുക്തമായി. നിലവിലുള്ള കോൺഗ്രസ്സ് മന്ത്രിസഭയുടെ ചെയ്തികളെത്തന്നെ തുറന്നു വിമർശിക്കുന്ന പ്രമേയങ്ങൾ അന്നു മുതൽ യൂത്തു് കോൺഗ്രസ് പരസ്യമായി അംഗീകരിച്ചു തുടങ്ങി. അന്നു യൂത്തു് കോൺഗ്രസ് ജനറൽസെക്രട്ടറി എം. എ. ജോൺ പ്രസാധകനും തോപ്പിൽ രവി പത്രാധിപരുമായി ആരംഭിച്ച 'യൂത്തു്' വാരികയും തുറന്ന വിമർശനം നടത്തി ഗവർമ്മെണ്ടിനെക്കൊണ്ടു് കൂടുതൽകൂടുതൽ പുരോഗമനാത്മകമായ പരിപാടികൾ നടപ്പാക്കിക്കാൻ വാദിച്ചിരുന്നു. മന്ത്രിസഭയിലുള്ളവർ ഈ സംരംഭത്തെ ഇഷ്ടപ്പെട്ടില്ലെങ്കിലും ഗ്രൂപ്പ് വഴക്ക കാരണത്താലോ, അതോ നിയന്ത്രിക്കാൻ ആവാത്തതിനാലോ. അന്നത്തെ കെ. പി. സി. സി. നേതാക്കൾ യൂത്ത് കോൺഗ്രസിന്റെ കാര്യങ്ങളിൽ ഇടപെട്ടില്ല.

## യൂത്ത് കോൺഗ്രസ്സിന്റെ വ്യക്തിത്വം.

ഇതിനിടയിൽ യൂത്തു് കോൺഗ്രസിനു വേണ്ടി ഒരു ട്രസ്റ്റിന്റെ പേരിൽ, എറണാകുളത്തു് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കാൻ സാധിച്ചതു് ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലെ യൂത്തു് കോൺഗ്രസിനെയപേക്ഷിച്ചു് പ്രത്യേകമൊരു സ്ഥാനം നേടിക്കൊടുക്കുന്നതിനിടയാക്കിയിട്ടുണ്ടു്. (ഇന്നു ഈ കെട്ടിടം യൂത്ത് കോൺഗ്രസ് നേതാക്കൾ ഏതോ ബാങ്കിനു പണയപ്പെടുത്തിയിരിക്കയാണെന്നാണറിവു്) കേരളത്തിലെ യൂത്തു് കോൺഗ്രസ്സ് ഇങ്ങിനെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കെ തന്നെ കേരളത്തിലേതുൾപ്പടെ ഇന്ത്യയിലെ എല്ലാ സംസ്ഥാന യൂത്തു് കോൺഗ്രസ്സ കമ്മിററികളും പിരിച്ചുവിടപ്പെട്ടു. കോൺഗ്രസ്സ് പ്രസിഡന്റായി വന്ന കാമരാജ് ഇത് ചെയ്തതു് യൂത്തു് കോൺഗ്രസ്സ് കമ്മിററികളെ പുനസംഘടിപ്പിക്കുന്നതിനു വേണ്ടിയാണ്. പക്ഷെ കേരളത്തിലെ യൂത്തു് കോൺഗ്രസ്സ് പ്രവർത്തനത്തെ അംഗീകരിക്കാൻ അദ്ദേഹം നിർബ്ബന്ധിതനാവുകയും സംസ്ഥാന യൂത്തു് കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്ന ജോണിനെ നാലംഗങ്ങൾ മാത്രമുണ്ടായിരുന്ന നാഷണൽ കൌൺസിലിലേക്കു നോമിനേററ് ചെയ്യുകയും ചെയ്തു. നാഷണൽ കൌൺസിലംഗമായിരിക്കെ എം. എ ജോൺ, കെ. എസ്സ്. യു. പ്രസിഡണ്ടായിരുന്ന വയലാർ രവിയെ കേരളത്തിലെ യൂത്തു് കോൺഗ്രസിന്റെ കൺവീനറാക്കി.

യൂത്ത് കോൺഗ്രസ്സിന്റേയും കെ. എസ്സ്. യു. വിന്റേയും ഭാവി പ്രവർത്തനങ്ങൾക്കു ചില ഉദ്ദേശലക്ഷ്യങ്ങൾ നൽകികൊണ്ടാണ് അന്നു അങ്ങനെ ചെയ്തത്. രാജ്യ വ്യാപകമായി ഒരു യുവജന സോഷ്യലിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന്റെ മുന്നോടിയായി വിദ്യാർത്ഥിവിഭാഗത്തെ യൂത്ത് കോൺഗ്രസ്സുമായി ഒന്നിപ്പിക്കുകയായിരുന്നു മുഖ്യമായ ഉദ്ദേശം. സ്വാതന്ത്ര്യ സമ്പാദനത്തിനു വേണ്ടി ഇന്ത്യയിലെ ദേശാഭിമാനികളെല്ലാം ഒന്നിച്ചു പ്രവർത്തിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അടുത്തപരിവർത്തനത്തിനുകൂടിയുപകരണമാക്കണമെന്നുംകരുതിയിരുന്നു. വിദ്യർത്ഥി രംഗത്ത് സ്വകാര്യമാനേജ്മെന്റുകളുടെ പ്രോത്സാഹനം ലഭിച്ചുവളർന്ന സംഘടനയെക്കൊണ്ടു് തന്നെ ആ മാനേജ്മെന്റുകൾക്കെതിരായി സമരം ചെയ്യിച്ച് കൂടുതൽ പുരോഗമനാത്മകമായ പരിവർത്തനങ്ങൾക്കു വഴി തെളിയിക്കാൻ സാധിച്ചുവെന്നത് രാഷ്ട്രീയ രംഗത്തും പരീക്ഷിച്ചു വിജയിക്കാമെന്നതിന്റെ സൂചനയായിരുന്നു.

## നയ പരിപാടികൾ.

അതു യൂത്ത് കോൺഗ്രസ് സ്വതന്ത്രമായ പരിപാടികൾ വെച്ച് മുന്നോട്ടു പോകുന്നതോടൊപ്പം രാജ്യ വ്യാപകമായ രാഷ്ട്രീയ പരിവർത്തനത്തിനുള്ള ഉപകരണമായി കോൺഗ്രസ് സംഘടനയെ കാണണമെന്നായിരുന്നു നിശ്ചയിക്കപ്പെട്ടത്. മോഹൻദാസ് ഗാന്ധിയുടെ രീതിയനുസരിച്ച് രാഷ്ട്രീയ കാര്യങ്ങൾ തുറന്ന ചർച്ചക്കും പൊതുജനങ്ങളുടെ വിധിക്കും പാത്രമാകുക, കോൺഗ്രസ് ഭരണകൂടങ്ങളെയും നേതൃത്വത്തേയും പരിവർത്തനത്തിനു നിർബന്ധിതമാക്കും വണ്ണം വിമർശിക്കുക, സംസ്ഥാനങ്ങളിലുള്ള മററു കക്ഷിക്കാരുടെ ഗവമ്മെണ്ടുകൾ സ്വീകരിക്കുന്നതും സോഷ്യലിസത്തോടടുപ്പിക്കുന്നതുമായ എല്ലാ

(ശേഷം 13-ാംപേജിൽ)

# ★ ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം

ഹമീദ് ദൽവായ്

## അവതാരിക

മനുഷ്യരോടുള്ള വീക്ഷണത്തിൽ ഗാന്ധി ആത്യന്തികമായി തത്വചിന്താപരമായ അരാജക വാദിയായിരുന്നു. ആദിപാപമെന്ന ആശയത്തോട് അദ്ദേഹത്തിനു യോജിപ്പുണ്ടായിരുന്നില്ല. മറിച്ച്, എല്ലാമനുഷ്യരിലും ദേവീകാംശമുണ്ടെന്നും അതുകൊണ്ട് ഓരോ മനുഷ്യനും ആത്യന്തികമായി നല്ലവനാണെന്നും അദ്ദേഹം വിശ്വസിച്ചു. ആത്മസാക്ഷാൽക്കാരത്തിനുള്ള സമരം വിഷമകരവും നീണ്ടുനിൽക്കുന്നതുമാണെന്നിരിക്കിലും ആരും മോചനം ലഭിക്കാത്തവരായിട്ടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അതിനാൽ ഉദ്ദേശ്യശുദ്ധിയോടെ, പ്രേരണയുടെ മാർഗ്ഗം സ്വീകരിച്ചു, വിദേശീയ ചിന്തയില്ലാത്ത ദേശീയ വാദിയെന്ന നിലക്കാണ് അദ്ദേഹം ഹിന്ദു-മുസ്ലീം പ്രശ്നത്തെ സമീപിച്ചത്. ദക്ഷിണാഫ്രിക്കയിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. സംയുക്തമായ നിർമ്മാണപ്രവർത്തനങ്ങളിൽ ഹിന്ദുക്കളേയും മുസ്ലീമുകളേയും ഒന്നിപ്പിക്കാൻ സാധിച്ചാൽ ഐക്യം തങ്ങളുടെ പൊതുതാൽപ്പര്യത്തിനു ഗുണമാണെന്നു അവർ മനസ്സിലാക്കുകയും സമാധാനത്തോടും സൌഹാർദ്ദത്തോടും കൂടി ജീവിക്കുവാൻ അവർ പഠിക്കുകയും ചെയ്യുമെന്നു അദ്ദേഹം കരുതി. ഈ ലക്ഷ്യം വെച്ചുകൊണ്ട്, ഹിന്ദുമതവും ഇസ്ലാംമതവുമുൾപ്പെടെ എല്ലാ മുഖ്യമതങ്ങളും പ്രസംഗിക്കുന്ന മാനുഷികമൂല്യങ്ങൾ എടുത്തു കാട്ടാൻ അദ്ദേഹം ശ്രമിച്ചു. വിഭാഗീയതക്കു മുകളിൽ ഐക്യം, കാലം ചെല്ലുന്തോറും വിജയം നേടുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രത്യാശ. എന്തുകൊണ്ടെന്നാൽ, ഗാന്ധിയുടെ ചിന്താഗതിയനുസരിച്ച് യഥാർത്ഥ മതത്തിനു വിവിധ വിശ്വാസക്കാരായ മനുഷ്യരെ ഒന്നിപ്പിക്കാനല്ലാതെ വേർപ്പെടുത്താനാവില്ല. അടിസ്ഥാനപരമായി വിഭിന്നരാണ് തങ്ങളെന്നു ഹിന്ദുക്കളും മുസ്ലീമുകളും സ്വയം കരുതിയെങ്കിൽ അതിന്റെ കുറ്റം ഗാന്ധിയുടെ ധാരണയനുസരിച്ചു വിശുദ്ധ വാക്യങ്ങളിൽ നിർദ്ദേശിക്കുന്ന വിശ്വാസങ്ങളുടേയോ ആചാരങ്ങളുടെയോ തകരാറല്ലാ, പ്രത്യുത അവയുടെ 'യഥാർത്ഥ' സന്ദേശം പിശകായി മനസ്സിലാക്കിയതാണ്.

(എ. ബി. ഷാ)

മനുഷ്യനോടും മതത്തോടുമുള്ള ആദരണീയമായ കാഴ്ചപ്പാടാണിത്. പരിണാമഗതിയിലെ ഘടകമെന്നനിലയിൽ മനുഷ്യനിൽ നന്മയും തിന്മയും സമ്മേളിക്കുന്നുവെന്ന വസ്തുതയെ മറികടക്കുന്നതാണ് ഈ കാഴ്ചപ്പാട്. അവന്റെ സംസ്കാരവും സ്ഥാപനങ്ങളും ചേർന്നു ചരിത്രപരമായി നിർണ്ണയിക്കുന്ന സ്വഭാവത്തേയും ഈ വീക്ഷണം കാണുന്നില്ല. അതുകൊണ്ട് ഇന്ത്യയിലെ മതസംഘടനകളുടെ കൂടുതൽ ആഴത്തിലുള്ള ചരിത്ര-സാമൂഹ്യ- സാംസ്കാരിക വേരുകൾ കാണാൻ ഗാന്ധിക്കുകഴിഞ്ഞില്ല. അതിനു പകരം അദ്ദേഹം അതിന്റെ മൂലകാരണം കുടില ബുദ്ധികളായ ബ്രിട്ടീഷുകാരിൽ ആരോപിച്ചു. ബ്രിട്ടീഷുകാർ 'രാജ്യദ്രോഹപരവും' 'ഹിന്ദുദേശീയതക്കുവേണ്ടിയുള്ളതുമായ പ്രസ്ഥാനത്തിൽ നിന്നു മുസ്ലീമുകളെ അകറ്റിനിറുത്തുന്നതിൽ തീർച്ചയായും തൽപ്പരരായിരുന്നു. (രാംഗോപാലും കേസരിയിൽ ബാലഗംഗാധര തിലകൻ എഴുതിയ ലേഖനങ്ങളും നോക്കുക.-കേസരി- മറാത്താ സംസ്ഥ: പൂന 1922) ഹിന്ദുക്കൾക്കും മുസ്ലിമുകൾക്കുമിടയിൽ വേണ്ടത്രയാളുകൾക്കു സന്മനോഭാവമുണ്ടായാൽ, മതസംഘട്ടനങ്ങളുടെ ആത്മഹത്യാപരമായ പ്രത്യാഘാതങ്ങൾ അവർ മനസ്സിലാക്കുമെന്നും വിദേശഭരണത്തിൽ നിന്നു സ്വാതന്ത്ര്യം നേടുന്നതിനു വേണ്ടി അവർ ഒത്തൊരുമിച്ച് ശ്രമിക്കുമെന്നും ഗാന്ധിക്കുതോന്നി. രാമ-റഹീം സമീപനം എന്നു ഞാൻ ഇതിനെ വിളിക്കുന്നു. മതത്തോടുള്ള വീക്ഷണത്തിൽ മൌലികമായ ഒരു മാറ്റവും വരുത്താതെ, ഹിന്ദുക്കളുടേയും മുസ്ലീമുകളുടേയും സമാധാന പരമായ സഹവർത്തിത്വമാണ് വിഭാവനം ചെയ്തിരുന്നതെന്നതുകൊണ്ട് ഈ സമീപനം പരാജയത്തിൽ കലാശിക്കാതെ നിർവ്വാഹമില്ലായിരുന്നു. ആധുനികതക്കുമുമ്പുള്ള ഒരു സമൂഹത്തിൽ സിദ്ധാന്തങ്ങളുടെ പാരമ്പര്യവും ആചാരവും അനുഷ്ഠാനങ്ങളും ചേർന്നു മതത്തിനു മനുഷ്യമനസ്സുകളിലുള്ള പിടിമുറുക്കത്തെ അത് കണക്കാക്കിയല്ല. ബഹുജനങ്ങളെ ബന്ധിപ്പിക്കുന്ന പൊതുവായ ഏക കാര്യം ദൈവത്തിന്റേയും മതത്തിന്റേയും വിശുദ്ധ നാമത്തിൽ കൂട്ടായ ചേരിതിരിവിനോടുള്ള അന്ധമായ കൂറാണ്. വ്യക്തിയുടെയോ ചെറിയ സംഘങ്ങളുടേയോ പെരുമാറ്റത്തിന്റെ പിന്നിലുള്ള യുക്തി വിപുലമായ, മുഖമില്ലാത്ത ജനരാശിയോട് സ്വീകരിക്കാമെന്നായിരുന്നു ഈ സമീപനം സ്വീകരിച്ചവരുടെ ധാരണ.

ഗാന്ധിയുടെ സമീപനം മുഖ്യമായും വിശുദ്ധന്മാരുടേതു പോലുള്ളതായിരുന്നുവെന്നു മറ്റൊരു രീതിയിൽ പറയുകയായിരുന്നു. സാംസ്കാരിക വശത്തിനു നിഗമനാടിസ്ഥാനത്തിലുള്ള പങ്ക് വകവെച്ചു കൊടുക്കുന്നതു കൊണ്ട് ഒരു തരത്തിൽ മാർക്സിസ്റ്റുകാരുടെ സമീപനവുമായും ഇതിനു സാമ്യമുണ്ട്. സ്വാതന്ത്ര്യത്തിനുള്ള അഭിവാഞ്ഛ മുസ്ലീമുകൾക്കു അവരുടെ മതത്തോട് പ്രബുദ്ധമായ വീക്ഷണത്തിനിടയാക്കുമെന്നും ഗാന്ധി വിശ്വസിച്ചിരുന്നു. ഇസ്ലാം എന്നറിയപ്പെടുന്ന സാംസ്കാരിക സമ്പ്രദായത്തിൽ ഒരളവോളം വ്യക്തിഗതമായ വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന മുൻവിധി ഇതിന്റെ പിന്നിലുണ്ട്. ഗാന്ധി അത്തരം വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു വിശ്വസിക്കുകയും ചെയ്തു. ഹിന്ദുക്കളുടെ മനസ്സ് അടിസ്ഥാനപരമായി വ്യക്തിനിഷ്ഠമായ വീക്ഷണം പുലർത്തുന്നതാണ്. അന്തർമുഖമാണ് (പി. സ്പ്രാട്ട്-ഹിന്ദുകൾച്ചർ ആൻറ പേഴ്സണാലിററി. പി. സി. മനക്താലാ-

★ മുസ്ലീം പോളിററിക്സ്
ഇൻ ഇന്ത്യ

ഹമീദ് ദൽവായ്
നചികേത
പബ്ളിക്കേഷൻസ്,
സ്ലീററർ റോഡ്,
ബോംബെ-7.

(കഴിഞ്ഞ ലക്കത്തിൽനിന്നു തുടർച്ച)

ആൻറ് സൺസ്, ബോംബെ 1966. പ്ളാനിങ്ങ് ഫോർ ഡെമോക്രസി ആൻറ് അദർ എസ്സേയ്സ് എന്ന പേരിൽ എ. ബി. ഷാ എഴുതിയ പുസ്തകത്തിലെ ട്രഡീഷൻ ആൻറ് മോഡേണിററി ഇൻ ഇന്ത്യാ എന്ന ലേഖനം നോക്കുക. മനക്താലാ ആൻറ് സൺസ് ബോംബെ 1967) ഇടക്കുള്ള ഗുരുകൾവിട്ടെറിഞ്ഞു് വ്യക്തിപരമായ മോക്ഷമാർഗ്ഗമാരായാൻ ഹിന്ദുമനസ്സിനു എളുപ്പമാണ്. ഇതുകൊണ്ടു് ഗുണവും ദൂഷ്യവുമുണ്ടു്. ഒരു പക്ഷേ ഗുണത്തിലേറെ ദൂഷ്യമാണുള്ളതു്. യുക്തിയുടേയു ഭാവനയുടേയും പ്രത്യേക പരിശ്രമം കൂടാതെ, വ്യക്തിയെ കാണാൻ കൂട്ടാക്കാത്ത ഒരു മനസ്സിനെക്കുറിച്ചു് വിഭാവനം ചെയ്യാൻ ഹിന്ദുവിനു വിഷമമുണ്ടു്. ഒരു കൂട്ടത്തിലെ അംഗമെന്ന നിലക്കു മാത്രം മനുഷ്യജീവിതത്തിനു പ്രാധാന്യമുണ്ടാകുന്നുവെന്ന ധാരണയും ഹിന്ദുക്കളുടെ മനസ്സിനു ഇണങ്ങുന്നതല്ല. എന്നിരുന്നാലും ഈ ധാരണ വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള മതസാംസ്കാരങ്ങളുടെ സവിശേഷസ്വഭാവമാണ്. ഈ വശത്തിൽ ക്രിസ്തീയ സംസ്കാരം വ്യത്യസ്തമാണെന്നു തോന്നുന്നുവെങ്കിൽ അതിനു കാരണം ഏതാണ്ടു ആവിർഭാവം മുതൽക്കു യവനപാരമ്പര്യം ക്രിസ്തുമതത്തെ സ്വാധീനിച്ചതാണ്. യവനപാരമ്പര്യത്തിൻെറ പുനരുദ്ധാരണമാണ് നവോത്ഥാനത്തിലേക്കും വിശുദ്ധ സന്ദേശങ്ങളെ വ്യക്തിപരമായി വ്യാഖ്യാനിക്കുന്നതിൽ ശ്രദ്ധയൂന്നിക്കൊണ്ടുള്ള പ്രൊട്ടസ്റ്റൻറ് മതത്തിലേക്കും വഴി തെളിയിച്ചതു്. ക്രിസ്തുമതത്തിനു മാനുഷിക വീക്ഷണമുണ്ടാക്കിയതും അതിൻെറ അനന്തരഫലമായി വ്യക്തിത്വത്തെക്കുറിച്ചു് മതേതര ധാരണ വളർന്നുവന്നതും യവനപാരമ്പര്യങ്ങളുമായുള്ള സമ്പർക്കത്തിൻെറ നേരിട്ടുള്ളഫലമാണ്. (സുസ്ഥാപിതമായ റോമൻ ഭരണകൂടത്തിൻെറ പ്രതികൂലമായ സാഹചര്യത്തിൽ നിലനിന്നു പോരണമെങ്കിൽ ക്രിസ്തുമതത്തിനു ആദ്യകാലത്തു് ഭരണകൂടത്തോടു് മതേതരമായ സമീപനം സ്വീകരിക്കാതെ നിർവ്വാഹമില്ലായിരുന്നു. നവോത്ഥാനം ചെയ്തതു് ഈ സമീപനത്തെ പുനരുദ്ധരിക്കുകയും ഭരണകൂടത്തിനോടുള്ള സമീപനം വ്യക്തിയിലേക്കു് വ്യാപിപ്പിക്കുകയും ചെയ്തതാണ്. മുഹമ്മദിനെ പോലെ, യേശുവും ഒരു ഭരണകൂടം സ്ഥാപിച്ചിരുന്നെങ്കിൽ ക്രിസ്തുമതം ഏതു രീതിയിൽ വളരുമായിരുന്നുവെന്നു ആലോചിക്കുന്നതു് രസകരമായിരിക്കും) ബൈബിളിലെ തെരഞ്ഞെടുക്കപ്പെട്ട ജനതയെപ്പോലെ യവനരെ ഒരു പ്രവാചകനും അനുഗ്രഹിക്കാനുണ്ടായിരുന്നില്ലെന്നു ഓർക്കുന്നതു നന്നു്. ഹിന്ദുക്കളെയനുഗ്രഹിച്ച ദൈവാവതാരങ്ങളും അവർക്കില്ലായിരുന്നു. വസ്തുക്കളുടെ പ്രകൃതി മനസ്സിലാക്കുന്നതിനു നിരീക്ഷണത്തേയും യുക്തിയേയും മാത്രം അവർക്കു ആശ്രയിക്കേണ്ടി വന്നു. അവർ പല ദൈവങ്ങളുമുണ്ടായിരുന്നു. അവരുടെ ദൈവങ്ങൾ അതിമാനുഷ ശക്തികളുള്ള മനുഷ്യരിൽ നിന്നു വ്യത്യാസപ്പെടുത്തി കാണാൻ വയ്യാത്തവരാണ്. പക്ഷെ അതീന്ദ്രിയ കാര്യങ്ങളിൽ തികച്ചും വിമുക്തരായ ദൈവങ്ങളായിരുന്നു. അതുകൊണ്ട്, വിമർശനാത്മകമായ അന്വേഷണത്തിൻെറ പാരമ്പര്യം വളർത്തിയെടുക്കുവാൻ യവനർക്കു കഴിഞ്ഞു. 'നൂറു സ്കൂളുകൾ മത്സരിക്കട്ടെയെന്നും, നൂറു പുഷ്പങ്ങൾ വിരിയട്ടെ' യെന്നും വെയ്ക്കാവുന്ന സഹിഷ്ണുതയുടേതായ സാഹചര്യമുണ്ടാക്കാനും സാധിച്ചു. അവർക്കു മറെറാരു ഗുണവും കിട്ടി. ഹിന്ദുക്കൾ അനശ്വരമെന്നും മനുഷ്യരാൽ സൃഷ്ടിക്കപ്പെടാത്തതെന്നും കരുതുന്ന വേദത്തിനു പകരമായി അവർക്കു മറെറാന്നും ഇല്ലായിരുന്നു. മാററമില്ലാത്ത സത്യത്തിൻെറ ഭാരത്തിൽ നിന്നും അതുകൊണ്ടു് അവർ വിമുക്തരായി. ശാസ്ത്രത്തെ അന്വേഷണമെന്ന നിലക്കും ശാസ്ത്രീയ രീതികളെ അന്വേഷണോപാധിയെന്ന പോലെ തന്നെ നിഗമനങ്ങളുടെ സാധുത നോക്കാനുള്ളയളവുകോലെന്ന നിലക്കും വളർത്തിയെടുക്കാനും യവനർക്കു സാധിച്ചു.

ഇസ്ലാമിലും യവനപാരമ്പര്യങ്ങൾ ഇതേപോലെ സ്വാധീനം ചെലുത്തുമായിരുന്നു. പക്ഷെ, അൽമാമുനി (813-833) ൻെറ കാലത്തു് ഇസ്ലാമുമായി യവനപാരമ്പര്യങ്ങൾ സമ്പർക്കത്തിൽ വരും മുമ്പേ തന്നെ ഇസ്ലാമിൻെറ ആവേശം നശിച്ചിരുന്നു. അതു് രൂപം കൊള്ളുന്ന പ്രാഥമിക ഘട്ടവും അവസാനിച്ചിരുന്നു. ഇതിലും പ്രധാന കാര്യം, ചേരിപ്പോരുകൾ കൊണ്ടു് ഛിന്നഭിന്നമായിരുന്നതും ഭരണകൂടം എന്ന പേരിനർഹമായതൊന്നും തന്നെ ഇല്ലാതിരുന്നതുമായ ഒരു സമൂഹത്തിലാണ് ഇസ്ലാമിൻെറ ഉൽഭവം. അഭിപ്രായ ഭിന്നതകളുള്ളവരെ പ്രാകൃതമായി അടിച്ചമർത്താൻ അതു് മടികാണിച്ചില്ല. ഇസ്ലാമിൻെറ സ്ഥാപകനു അതിൻെറ സന്ദേശം സമ്പൂർണ്ണമായി പ്രചരിപ്പിക്കും മുമ്പേ തന്നെ ഒരു ഭരണകൂടം സ്ഥാപിക്കേണ്ടി വന്നു. ബലപ്രയോഗം കൊണ്ടു് തീരുമാനിക്കാതെ കൂടുതൽ പരിഷ്കൃതമായ ഒരു സംസ്കാരവുമായിയുണ്ടാകുന്ന സമ്പർക്കം കൊണ്ടു് വികസിക്കുകയല്ലാ ചെയ്തതു്. നബിയുടെ ഭരണശേഷമുള്ള നൂറു കൊല്ലത്തിനുള്ളിൽ ചാററുമുള്ള നിശ്ചലവും അധഃസ്ഥിതവുമായ സമൂഹങ്ങൾക്കിടയിൽ ഇസ്ലാം ത്വരിതഗതിയിൽകണ്ണഞ്ചിപ്പിക്കും വിധം പ്രചരിച്ചതും അതിൻെറ ഭാവി വികസനത്തെ സംബന്ധിച്ചിടത്തോളം തടസ്സമായിത്തീരുകയാണുണ്ടായതു്. മററുള്ളവരുടെ മേൽ തുടർച്ചയായുണ്ടായ വിജയം, മുസ്ലീമുകൾക്കു് തങ്ങളുടെ വിശ്വാസം കുററമററതാണെന്നു മാത്രമല്ലാ, അതിൻെറ സിദ്ധാന്തങ്ങൾ മററുള്ളവരുടേതിനേക്കാൾ മികച്ചതും പരാജയം പററാത്തതുമാണെന്ന ധാരണയുണ്ടാക്കാനും കാരണമായി. എന്തെങ്കിലും എതിർ ശബ്ദമുണ്ടായാൽ, മുൻകാലത്തെ ക്രിസ്തുമതം ചെയ്തതുപോലെ തന്നെ ക്രൂരമായി അടിച്ചമർത്തപ്പെട്ടു. ഇതിൻെറ ഫലമായി വിശ്വാസത്തിൻെറ ആണിക്കല്ലുകളെ ചോദ്യം ചെയ്യുന്നുവെന്നു തോന്നലുണ്ടാകുന്നതൊഴിവാക്കാൻ ഏററവും ധീരരും നല്ലവരുമായ മുസ്ലീം പണ്ഡിതന്മാർവരെ ശ്രദ്ധിച്ചിരുന്നു. അങ്ങിനെ ഇസ്ലാമിലെ ദൈവീക സിദ്ധാന്തങ്ങൾക്കു വേണ്ടി വാദിക്കുന്നതിനും അവയെ വിശദമാക്കുന്നതിനും യവനന്മാരുടെ ആശയങ്ങൾ ഉപയോഗപ്പെടുത്തിയ മുട്ടാസിലുകളെ സുന്നി മുസ്ലീമുകളുടെമുഖ്യപക്ഷം ദൈവനിഷേധികളായാണ് കണക്കാക്കിയത്. (ഡബ്ളിയു മോണ്ട്ഗോമറി വാട്ട്–വാട്ട് ഈസ് ഇസ്ലാം? ലോങ്ങ്മാൻസ്, ലണ്ടൻ 1968. പേജ് 181 ജി. ഇ. വോൺ ഗ്രൂൺബാം മെഡിവൽ ഇസ്ലാം' (സെക്കണ്ട് എഡിഷൻ) ചിക്കാഗോ 1953. പേജ് 102–105.) യാഥാർത്ഥത്തിൽ മഹാന്മാരായ ചുരുക്കം ചില മുസ്ലീം ചിന്തകരിൽ ഒരാളായ ഇബൻസിന പോലും മുസ്ലീം പാരമ്പര്യത്തിൻെറ വക്താക്കളുടെ അധിക്ഷേപത്തിനു പാത്രമായി. 'യുക്തിപൂർവ്വമായ ഒരു സിദ്ധാന്തത്തിനു വിധേയമായി ദൈവശക്തിയെ പരിമിതപ്പെടുത്തുന്നുവെന്നും,' അനന്തതയുടെ മുമ്പിൽ നശ്വരതയുള്ള അത്ഭുതാദരണങ്ങൾ കുറക്കുന്നുവെന്നുമായിരുന്നു അദ്ദേഹത്തിനെതിരായ ആരോപണങ്ങൾ (സെയ്യദ്ഹുസൈൻ നസർ–ആൻ ഇൻ

ട്രൊഡക്ഷൻ ടു ഇസ്‌ലാമിക്ക് കോസ്മോളൊജിക്കൽ ഡോക്ട്രിൻസ്, ഹാർവേഡ് യൂണിവേഴ്സിററി പ്രസ്സ്, കേംബ്രിഡ്ജ്, മാസ്സ്. 1964, പേജ് 214.) അതുകൊണ്ട് മാത്രം നിർത്തിയില്ല. ഇബ്ൻസിന തന്നെ അവസാന കാലത്ത് ഒരു ഭക്തനായ വിശ്വാസിയായി മാറുകയോ നടിക്കുകയോ ആണുണ്ടായത്. “അവിസെന്നയെപ്പോലുള്ള ഒരാളുടെ ലേഖനങ്ങളിൽ യുക്തിരഹിതമായ മൂടലിനു കെട്ടിക്കൂടിവരുന്നത് കാണുമ്പോൾ ഞെട്ടലാണുണ്ടാകുന്നത്” (എച്ച്. എ. ആർ. ഗിബ്ബ് എസ്സ്. എച്ച്. നസറിന്റെ പുസ്തകത്തിനുള്ള മുഖവുരയിൽ).

ഒരു സംസ്കാരിക പാരമ്പര്യമെന്ന നിലയിൽ ഇസ്‌ലാമിന്റെ ഈ വശത്തെക്കുറിച്ച് ഞാൻ മനപ്പൂർവ്വം നീട്ടിപ്പറഞ്ഞതാണ്. കഴിഞ്ഞ കാലത്തെ അസഹിഷ്ണുതയുടെ കാര്യത്തിൽ ഇസ്‌ലാമിന്റെ പ്രവർത്തനം ഏററവും മുന്നിട്ടുനിൽക്കുന്നതുകൊണ്ടല്ലാ അതു ചെയ്തത്. പ്രബുദ്ധത കുറഞ്ഞ കാലത്തെപ്പോലെ തന്നെ, സ്വതന്ത്രമായ അന്വേഷണത്തോടും അഭിപ്രായഭിന്നതകളോടും ഇസ്‌ലാം ഇന്നും അസഹിഷ്ണുത പ്രകടിപ്പിക്കുന്നതാണ് ഇതു പറയാനുള്ള കാരണം (പാക്കിസ്ഥാനിലെ ‘ഗവമ്മെണ്ട് ഇൻസ്റ്റിട്യൂട്ട് ഓഫ് ഇസ്‌ലാമിക്ക് സ്റ്റഡീസ്’ന്റെ ഡയറക്ടർ സ്ഥാനത്ത് നിന്നു ഡോക്ടർ ഫസൽ റഹിമാനു, ഉലേമകളുടെ എതിർപ്പു കാരണം രാജിവെക്കേണ്ടി വന്നത് അടുത്തകാലത്ത് നടന്ന ഉദാഹരണം). മുട്ടാസിലുകളും അവരുടെ യാഥാസ്ഥിതികരായ എതിരാളികളും തമ്മിൽ പരസ്പരം പീഡനം നടത്തിയതിനുശേഷം, ശാസ്ത്രത്തിന്റേയും തത്വചിന്തയുടേയും വികസനത്തിലൂടെ ഈ പെരുമാററത്തിൽ അല്പം അയവുവരുന്നതിനു എന്തെങ്കിലും സാദ്ധ്യതയുണ്ടായിരുന്നെങ്കിൽ തന്നെ, നൂററാണ്ടുകളോളം പുരോഗതി തടയപ്പെടും വണ്ണം അൽഗസലി അതു നശിപ്പിച്ചുകളഞ്ഞു. (ഡി.1,111) മുസ്‌ലീം സമൂഹത്തിൽ തുർക്കിയിലുണ്ടായതുപോലെ മുകളിൽനിന്നു അടിച്ചേല്പിക്കുന്നെങ്കിലല്ലാതെ, നവോത്ഥാനം ഒരിക്കലുമുണ്ടാകയില്ലെന്നു അദ്ദേഹത്തിന്റെ പ്രവർത്തനം കൊണ്ട് ഉറപ്പായി. ഇസ്‌ലാമിക സംസ്കാരം ജന്മംകൊടുത്തവരിൽ ഏററവും വലിയ ചിന്തകനെന്ന നിലക്കാണ് മുസ്‌ലീം പണ്ഡിതന്മാർ അൽ-ഗസലിയെ കണക്കാക്കുന്നത്. പ്രവാചകന്റെ മരണശേഷം ഇസ്‌ലാമിനു സംഭവിച്ച ഏററവും വലിയ നാശമായിരുന്നു അദ്ദേഹം എന്നു കരുതാനാണ് എനിക്കു തോന്നുന്നതു്.

ആധുനിക മൂല്യങ്ങളേയും അതിന്റെ ഫലമായി ജീവിതത്തിന്റെ എല്ലാ രംഗത്തിലും ഉണ്ടാകുന്നവയേയും മുറുക്കിപ്പിടിക്കുന്ന വിശാലബുദ്ധികളായ ഒരു കൂട്ടം മുസ്‌ലീമുകൾക്കു ജന്മം കൊടുക്കാൻ ഒരിടത്തും സാധിക്കാത്ത വണ്ണമുള്ളതാണ് മുസ്‌ലീം മനസ്സുകളിൽ യാഥാസ്ഥിതികത്വത്തിനുള്ള പിടിമുറുക്കം. ആധുനിക യുഗത്തിലേക്കു മുസ്‌ലീം സമൂഹത്തെ നയിക്കാനുള്ള അടിസ്ഥാനം തയ്യാറാക്കുന്നതിനുവേണ്ടി ഇസ്‌ലാമിക പാരമ്പര്യങ്ങളെ വിമർശനാത്മകമായ പരിശോധനക്കു വിധേയമാക്കുന്നതിനും അത്തരം ഒരു കൂട്ടം മുസ്‌ലീമുകൾക്കേ സാധിക്കു. കാരണം, യുദ്ധാനന്തര കാലഘട്ടത്തിൽ വികസനോന്മുഖ രാഷ്ട്രങ്ങളിലുണ്ടായ അനുഭവം കാണിക്കുന്നത്, സാമൂഹ്യ–സാംസ്കാരിക രംഗത്തെ നവീകരണം മുമ്പേ ഉണ്ടാകുകയോ, അല്ലെങ്കിൽ ഒരേ സമയത്ത് തന്നെ ഉണ്ടാകുകയോ ചെയ്യുന്നില്ലെങ്കിൽ, രാഷ്ട്രീയ സാമ്പത്തിക സംവിധാനങ്ങളെ പരിഷ്കരിക്കാനുള്ള ശ്രമങ്ങൾ വ്യർത്ഥമാകുകയോ തകിടം മറിയുകയോ ചെയ്യുമെന്നാണ്.

രാജ്യാതിരുകൾക്കുള്ളിൽ നിന്നു കൊണ്ടുള്ള ദേശീയതയും രാജ്യാതിർത്തികളെ മറികടനുള്ള മതപരവും രാഷ്ട്രീയവുമായ കൂറുകളെയടിസ്ഥാനമാക്കിയ രാഷ്ട്രസങ്കല്പവും തമ്മിൽ ഇന്നും പരിഹാരം കാണാതെകിടക്കുന്ന സംഘട്ടനങ്ങൾ ഉണ്ടാകുന്നത് മിക്കവാറും മുസ്‌ലീം ലോകത്തിലെമ്പാടുമുള്ള സവിശേഷതയാണെന്ന കാര്യം സൂചിപ്പിക്കുന്നത് മുസ്‌ലീം സമൂഹത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഇത് കാതലായ പ്രശ്നമാണെന്നാണ്. ഇസ്‌ലാമിക സംസ്കാരത്തിന്റെ അന്തസ്സത്തക്കു തന്നെ സ്വഭാവപരമായ മാററങ്ങൾ ഉണ്ടാകുന്നതുവരെ ഈ സംഘട്ടനത്തിനു പരിഹാരമുണ്ടാകുകയില്ലെന്നു മാത്രമാണ്, ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലീം സാഹോദര്യ സംഘടനക്കാർ പ്രസിഡന്റ് നാസറിനെ വധിക്കാൻ ആവർത്തിച്ചു നടത്തുന്ന ശ്രമങ്ങൾ കാണിക്കുന്നതു്. ലോകത്തെല്ലായിടത്തും വിദ്യാസമ്പന്നരായ മുസ്‌ലീമുകളുടെ ചരിത്രപരമായ കടമയാണ് ഇങ്ങനെയുള്ള പരിവർത്തനത്തിനു കളമൊരുക്കുന്ന പ്രക്രിയക്കു ആരംഭം കുറിക്കുകയെന്നതു്. ചില രാജ്യങ്ങളിൽ ഇത് സംഭവിച്ചുതുടങ്ങിയതിന്റെ ലക്ഷണങ്ങളുണ്ട് ഉദാഹരണത്തിനു ഭരണക്കൂടം നടത്തിക്കൊണ്ടു പോകേണ്ടുന്ന ഉത്തരവാദിത്വം വഹിക്കേണ്ടുന്ന മുസ്‌ലീമുകളുള്ള പാക്കിസ്ഥാനിൽ ഇതു സംഭവിക്കുന്നു.

എന്നിരുന്നാലും, അവരുടെ മാർഗ്ഗത്തിൽ ഗുരുതരമായ വിഷമതകളുണ്ടാവും. കക്ഷത്തിലിരിക്കുന്നതു പോകുകയുമരുത് ഉത്തരത്തിലുള്ളതു എടുക്കുകയും വേണം എന്ന പരസ്പരവിരുദ്ധമായ അവസ്ഥ രാഷ്ട്രീയക്കാർക്കുണ്ടാകുന്നതാണ് ഇതിൽ മുഖ്യമായ ഒരു വിഷമത. യാഥാസ്ഥിതികരുടെ അമർഷം ഇളക്കിവിടുന്നതിനു ഇടയാക്കുന്ന, കുടുംബാസൂത്രണം, വ്യക്തിനിയമങ്ങൾ സാരമായി ഭേദഗതി ചെയ്യൽ എന്നിങ്ങനെയുള്ള നയങ്ങൾ നാട്ടിൽ വികസനാവശ്യത്തിനു വേണ്ടി. സ്വീകരിക്കാൻ നിർബന്ധതരാകും അതേസമയം സ്വന്തം സൌകര്യത്തിനു പററുമെങ്കിൽ, ആളുകളുടെ മതവികാരങ്ങളെ ചൂഷണം ചെയ്യുന്നതിനും ഇളക്കിവിടുന്നതിനും അവർ മടിക്കുന്നില്ല. അന്തർദേശീയ രാഷ്ട്രീയത്തിലാണ് ഇതു കൂടുതലുമുണ്ടാകുന്നത്. തൽക്കാലത്തേക്കു ഈ ഇരട്ടത്താപ്പ്നയം പ്രയോജനകരമായേക്കാം. പക്ഷെ ദീർഘകാലാടിസ്ഥാനത്തിൽ നേട്ടങ്ങളെ മുഴുവൻ നിഷ്പ്രഭമാക്കുന്നതവിധം കനത്തവില നൽകേണ്ട നയമാണിതു് ഉദാഹരണത്തിനു സത്യസന്ധരായ വിമർശകരുടെ–കേവലം മാപ്പ് അപേക്ഷിക്കുന്നവരും പാണ്ഡിത്യ ഗോഷ്ടികാണിക്കുന്നവരുമല്ലാ–വളർച്ചക്കു തടസ്സമുണ്ടാകുന്നു. രണ്ടാമത് മുൻപറഞ്ഞവിധത്തിലുള്ള പണ്ഡിതന്മാർ,–അത്തരക്കാർ മുസ്‌ലീം ലോകത്തിൽ ധാരാളമുണ്ട്–പ്രത്യക്ഷത്തിൽ ദ്രോഹമൊന്നും ചെയ്യുന്നില്ലെങ്കിലും–ആധുനികതയുടെ നോട്ടത്തിൽ പ്രയോജനരഹിതരാണ്. വിമർശനബുദ്ധികൾക്കുമാത്രമേ, സൃഷ്ടിയുടെ ഉറവുകൾ പുറത്തുചാടിക്കാനും നൂററാണ്ടുകളിലൂടെ ചിതറിക്കിടക്കുന്ന അവശിഷ്ടങ്ങളെ കഴുകിവൃത്തിയാക്കാനും സാധിക്കുകയുള്ളൂ.

## ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം (തുടർച്ച)

ഹിന്ദുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ പിന്നോക്ക നിലയിലാണ് വമ്പിച്ച ഭൂരിപക്ഷം മുസ്ലീംകളും എന്നതിലല്ലാ ഭാരത മുസ്ലീമുകളുടെ ദുരിതാവസ്ഥ കിടക്കുന്നത്. അത് രോഗലക്ഷണം മാത്രമാണ് തങ്ങളുടെ പാരമ്പര്യങ്ങളെ വിമർശനബുദ്ധിയോടെ വിലയിരുത്താൻ വിദ്യാസമ്പന്നരായ മുസ്ലീംമുകൾ കൂട്ടാക്കുന്നില്ലെന്നതിലാണ് ദുരവസ്ഥയുള്ളത്. മുസ്ലീം ഭരണത്തിൻ കീഴിലുള്ള രാജ്യത്തു നൽകേണ്ടിവരുന്ന വിലയുമായി താരതമ്യപ്പെടുത്തിയാൽ ഇതിനു നൽകേണ്ട വില അഗണ്യമാണ്. പിന്നിട്ട നൂററാണ്ടിൽ വിദ്യാസമ്പരായ ഹിന്ദുപരിഷ്ക്കരണ വാദികൾക്ക നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളുമായി താരതമ്യപ്പെടുത്തിയാലും. കുറച്ചു വിഷമതകളേ നേരിടേണ്ടി വരുകയുള്ളൂ. പക്ഷെ വിദ്യാസമ്പന്നരായ മുസ്ലീമുകളിൽ പ്രത്യേക വിഭാഗക്കാരാണ് തങ്ങളെന്ന ബോധവും പതിവനുസരിച്ചു പോകാനുള്ള വെമ്പലും അവിശ്വസനീയമാം വണ്ണം ശക്തമാണ്. യാഥാസ്ഥിതികത്വത്തിനു മുമ്പിൽ പ്രണമിച്ചു കൊണ്ട്, തൻെറ പുസ്തകം തുടങ്ങുന്നതാണ് നല്ലതെന്നു പ്രശസ്തനായ പണ്ഡിതൻ പ്രൊഫസർ എം. മുജീബ് വരെ കരുതുന്നു. ഈ പുസ്തകം മററു തരത്തിൽ മികച്ചതാണ്.'' ഇസ്ലാംമതത്തിൻെറ ധാർമ്മികവും ആത്മീയവുമായുള്ള യഥാർത്ഥ പ്രതിനിധികളെ അന്വേഷിച്ച് ഇന്ത്യൻ മുസ്ലീമുകൾക്ക പോകേണ്ടയാവശ്യമില്ലെന്നാണ് ഗ്രന്ഥകാരൻെറ ഉറച്ച അഭിപ്രായം. ധാർമ്മികവും ആത്മീയവുമായ തീർപ്പുകൾക്ക എററവും ആശ്രയിക്കാവുന്ന അളവുകോലുകൾ ഇന്ത്യൻ മുസ്ലീമുകൾക്കിടയിലുണ്ട്. തന്നാൽ എത്ര ഉയർന്ന നിലവാരത്തിലുള്ളവരാണെന്നോ താഴ്ന്ന നിലവാരത്തിലുള്ളവരാണെന്നോ പരിശോധിക്കാൻ അവർ പുറമേക്ക നോക്കേണ്ടതില്ല.'' (എം. മുജീബ്, ദി ഇന്ത്യൻ മുസ്ലീംസ്. ജോർജ് അല്ലൻ ആൻറ് അൺവിൻ ലിമിററഡ്. ലണ്ടൻ 1967. പേജ് 24) തർക്കശാസ്ത്രത്തെപ്പററിയായാലും ശരി, ഗണിതശാസ്ത്രത്തെപ്പററിയായാലും ശരി, ശരീരാഷ്ടതന്ത്രത്തെക്കുറിച്ചായാലും ശരി, കാമസൂത്രത്തെക്കുറിച്ചായാലുംശരികഴിഞ്ഞ കാലങ്ങളിൽ ഹിന്ദുപണ്ഡിതന്മാർ തങ്ങളുടെ ഗ്രന്ഥങ്ങൾ ദൈവത്തെ സ്തുതിച്ചു കൊണ്ട് തുടങ്ങിയിരുന്നത് ഓർമ്മപ്പെടുത്തുന്നതാണീ സമ്പ്രദായം.

സന്യാസിയുടെ മിഥ്യാധാരണകളായിരുന്ന ഗാന്ധിയുടെ കുററം. അതിരുകടന്ന വിഭാഗീയ ബോധവും യഥാസ്ഥിതികത്വം പാലിക്കാനുള്ള വെമ്പലുമാണ് വിദ്യാസമ്പന്നരായ മുസ്ലീംമുകളുടെ കുററം എന്നാൽ പ്രശ്നത്തെ ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യുന്നതും അവിടവിടെയുള്ള സംഭവങ്ങളെടുത്ത് കാണിച്ച് തെററായ പൊതുനിഗമനങ്ങളിലെത്തുന്നതുമാണ് മാർക്സിസ്റ്റുകളുടെ കുററം. ഹിന്ദുമുസ്ലീം സംഘട്ടനങ്ങളെ സാമ്പത്തിക താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലും ബ്രിട്ടീഷ് കുതന്ത്രങ്ങളുടെ പേരിലും മാത്രം വ്യാഖ്യാനിക്കാനാണ് അവർ മുതിർന്നത്. നേതൃത്വത്തിലുള്ള ഉന്നത വർഗ്ഗക്കാരിൽ നിന്നു വ്യതിരിക്തമായി മുസ്ലീം ബഹുജനങ്ങളുടെ ഹൃദയത്തിൽ തങ്ങളുടെ ഹിന്ദു സഹോദരങ്ങളെപ്പോലെ തന്നെയുള്ള രാഷ്ട്രീയ–സാമ്പത്തിക താല്പര്യങ്ങളാണുള്ളതെന്നു ഗാന്ധിയും മാർക്സിസ്റ്റുകളും ഒരേ പോലെ കരുതി. അതുംകൊണ്ട് സാമ്പത്തിക രാഷ്ട്രീയ രംഗത്തെ അനീതിക്കെതിരായ സമരത്തിനു ഊക്ക കൂട്ടുമ്പോൾ ഹിന്ദു–മുസ്ലീം സംഘട്ടനങ്ങളുടെ അടിസ്ഥാനവും ക്രമേണ ഇല്ലാതാവുമെന്നു അവർ കണക്കുകൂട്ടി. ഒരിക്കൽ, സ്വാതന്ത്ര്യം സ്ഥാപിതമാകുകയും നീതിക്കുവേണ്ടിയുള്ള പ്രയാണം ആരംഭിക്കുകയും ചെയ്താൽ, രണ്ട് സമുദായങ്ങളും സമാധാനത്തോടും സൗഹാർദ്ദത്തോടും ജീവിക്കുമെന്നായിരുന്നു അവരുടെ പ്രത്യാശ. ഈ കാഴ്ച്ചപ്പാടിൽ, സാമൂഹ്യ സാംസ്കാരിക സ്ഥാപനമെന്ന നിലക്ക വിമർശന ബുദ്ധിയോടെ പരിശോധിക്കേണ്ടതാവശ്യമാണെന്നു ഇരുകൂട്ടരും കണക്കാക്കിയില്ല. മതം വിശുദ്ധമെന്നു വാഴ്ത്തിയ ചില മൂല്യങ്ങളുടേയും പെരുമാററരീതികളുടേയും നേരെ കടന്നാക്രമണം നടത്തിയതേയില്ല.

അത്തരത്തിൽ വിമർശനം നടത്തേണ്ടയാവശ്യമുണ്ടെന്നു ഗാന്ധി കരുതിയില്ലെന്ന കാര്യം എളുപ്പം മനസ്സിലാക്കാം. പക്ഷെ മാർക്സിനെ പിടിച്ചാണയിടുന്നവരുടെ പെരുമാററമാണ് അത്ഭുതകരമായത്. കാരണം പ്രബുദ്ധതയുടെ സന്ദേശവാഹകരെന്ന നിലക്കും, മതേതരരംഗങ്ങളിലെ ചൂഷണത്തിനെതിരായി നടത്തുന്നതുപോലെ തന്നെ-മതപരമായ പഴഞ്ചത്തത്തിനെതിരായും നടത്തുന്ന പ്രതിഷേധത്തിൻെറ പടയാളികളെന്ന നിലക്കമാണ് ഇടതുപക്ഷം ഉയർന്നു വന്നത്. ഹിന്ദുക്കളുടെ പഴഞ്ചത്തത്തെ വിട്ടുവീഴ്ചയില്ലാതെ ആക്ഷേപിക്കുന്നവരാണ്, ഇന്ത്യയിലെ മാർക്സിസ്റ്റുകളെന്നത് സത്യമാണ്. പത്തൊമ്പതാം നൂററാണ്ടിലെ പരിഷ്ക്കർത്താക്കൾ ആരംഭിച്ച വിമർശനാത്മകമായ ആത്മപരിശോധന കാരണത്താലും ഹിന്ദുമതത്തിൻെറ കുത്തഴിഞ്ഞ സ്വഭാവം കാരണത്താലും ഈ ആക്ഷേപങ്ങൾ നടത്തുക താരതമ്യേന എളുപ്പമാണ്. മുസ്ലീം സമൂഹത്തിൽ അങ്ങിനെയൊരു പാരമ്പര്യമുണ്ടായിരുന്നില്ല. കഴിഞ്ഞ നൂററാണ്ടിൽ ഹിന്ദുക്കൾക്കിടയിൽ ഉണ്ടായതു പോലെ പുരോഗമന വീക്ഷണമുള്ള വിശാല ബുദ്ധികളായ ഒരു കൂട്ടമാളുകൾ വേണ്ടത്ര മുസ്ലീമുകൾക്കിടയിൽ ഉണ്ടായതുമില്ല. അങ്ങിനെയുള്ള ഒരു കൂട്ടമാളുകളാണ് പുതിയ പാരമ്പര്യങ്ങൾക്ക് തുടക്കം കുറിക്കുന്നവർ. ഇതിൻെറ അനന്തരഫലമായി, പടിഞ്ഞാറൻ നാടുകളിൽ ക്രിസ്തുമതവും ഇന്ത്യയിൽ ഒരളവോളം ഹിന്ദുമതവും കടന്നു പോന്ന മാനുഷിക വീക്ഷണം കൈക്കൊള്ളുകയെന്ന പ്രക്രിയ ഇസ്ലാമിൽ നടക്കാതെ പോയി. പ്രധാനമായും രാഷ്ട്രീയ പരിഗണനകൾ കാരണത്താൽ, ഗാന്ധിയൻമാരെപ്പോലെ തന്നെ മാർക്സിസ്റ്റുകൾക്കും ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയത്തിൻെറ പരിണാമഗതിയിൽ ഇസ്ലാമിക പാരമ്പര്യങ്ങളും സിദ്ധാന്തങ്ങളും വഹിച്ച പങ്കിൻെറ യഥാർത്ഥ സ്വഭാവം കാണാൻ കഴിഞ്ഞില്ല. ഇന്ത്യയിലെ മുസ്ലീമുകളുടെ വിശ്വാസം തേടുന്നതിനു ഖിലാഫത്ത് പ്രസ്ഥാനത്തെ ഗാന്ധി ഒരു ദേശീയാവശ്യമാക്കി മാററി. ഗാന്ധി ഖിലാഫത്ത് പ്രസ്ഥാനത്തിനു നൽകിയ പിന്തുണ മാർക്സിസ്റ്റുകൾക്ക പൂർണ്ണമായും പിടിച്ചിരുന്നില്ല. പക്ഷെ രാഷ്ട്രീയാർത്ഥത്തിലല്ലാതെ മുസ്ലീം വർഗ്ഗീയതയെ വിമർശിക്കാൻ അവരും ഒരുമ്പെട്ടില്ല. പക്ഷെ അത്യാവശ്യമുണ്ടായിരുന്ന കാര്യം മാർക്സ് 'എല്ലാ വിമർശനങ്ങളുടേയും ആരംഭം' എന്നു കരുതിയതരത്തിൽ ഇസ്ലാമിൻെറ തത്വചിന്തയേയും സാമൂഹ്യശാസ്ത്രത്തേയും കുറിച്ചുള്ള ശക്തമായ വിലയിരുത്തലാണ്. ഹിന്ദുമതത്തെ, ഇത്തരത്തിൽ ഒരപഗ്രഥനത്തിനു വിധേയമാക്കിയ ഏക മാർക്സിസ്റ്റ് ആയ എം. എൻ. റോയി പോലും ഇക്കാര്യത്തിൽ പരാജയപ്പെട്ടു.

ഇവിടെയാണ് ദൽവായ് പുതിയ പാ

ത വെട്ടിത്തുറക്കുന്നതു്. പരോക്ഷമായ രീതിയിലാണെങ്കിലും ഹിന്ദു-മുസ്ലീം ബന്ധങ്ങളുടെ പ്രശ്നവും' ഇന്ത്യയിൽ ആധുനികവും ഉദാരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമത്തിൽ അതിന്റെ സ്ഥാനവും സംബന്ധിച്ച് അദ്ദേഹത്തിനുള്ള ഉൽക്കണ്ഠയിൽ നിന്നാണ് ഇസ്ലാമിലെ മതേതര വശങ്ങളെക്കുറിച്ച് അദ്ദേഹത്തിനു താല്പര്യം ജനിക്കുന്നതു്. പഴഞ്ചത്തം നിലനിർത്താൻ വേണ്ടിയും മാനുഷിക വിരുദ്ധമായ താല്പര്യങ്ങൾക്ക വേണ്ടിയും ഒരു മൂടുപടമെന്ന നിലയിൽ തന്നെ ഉപയോഗപ്പെടുത്തുമ്പോളൊഴികെ ഇസ്ലാമിനെ ഒരു മതമെന്ന നിലക്കും മതങ്ങളെ പൊതുവായും അദ്ദേഹം കൈകാര്യം ചെയ്യുന്നില്ല. അതുകൊണ്ട് എല്ലാ മതങ്ങളും എങ്ങിനെ അത്തരത്തിൽ ഉപയോഗിക്കപ്പെട്ടുവെന്നും എങ്ങിനെ അവരുടെ സ്ഥാപകരുടെ ഉദ്ദേശങ്ങളെ പരാജയപ്പെടുത്തുന്നുവെന്നും ചുരുക്കത്തിൽ ഇവിടെ പ്രതിപാദിക്കുന്നതു് പ്രയോജനപ്രദമായിരിക്കും.

ജീവിതത്തോടുള്ള ഒരു വീക്ഷണവും ആ വീക്ഷണത്തെ ആവിഷ്ക്കരിക്കുന്ന ഒരു സിദ്ധാന്തവുമാണ് എല്ലാ മതങ്ങളും അനുയായികൾക്ക് നൽകുന്നതു്. 'സാമൂഹ്യമായി ഫലപ്രദമായൊന്നും ചെയ്യാനാവാത്ത ഒരു ന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളമൊഴികെ, മറ്റെല്ലാവർക്കും ഈ വീക്ഷണം പിന്തള്ളപ്പെട്ടു പോകുന്ന ഒരു ഘട്ടം എല്ലാ മതങ്ങളുടേയും ചരിത്രത്തിലുണ്ടാകുന്നു. ആദ്യമായി ആവിർഭവിച്ച ചരിത്രപരമായ സാഹചര്യങ്ങളുമായി തീരെ ബന്ധമില്ലാത്ത ഒരു നീക്കുപോക്കില്ലാത്ത സ്ഥാനം സിദ്ധാന്തത്തിനു കൈവരുകയും ചെയ്യുന്നു. ഇതു് സംഭവിക്കുമ്പോൾ, മനുഷ്യ സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായിത്തീരുന്നു മതം. അന്ധവിശ്വാസങ്ങൾ ശാസ്ത്രത്തിനു മീതെ വാഴ്ച നടത്തുന്നു. സാമൂഹ്യ അസമത്വങ്ങളെ സാദ്ധ്യമാക്കുന്നതെന്നു തോന്നുന്ന ന്യായീകരണങ്ങൾ കൊണ്ട് ധാർമ്മിക മൂല്യങ്ങൾ തന്നെ വളച്ചൊടിക്കപ്പെടുന്നു. മദ്ധ്യകാലത്തെ ക്രിസ്തുമതവും പ്രാരംഭ കാലം തൊട്ട് 19-ാം നൂറ്റാണ്ടിന്റെ ആദ്യം വരെയുള്ള കാലത്തെ ഹിന്ദുമതവും ഈ വീക്ഷണത്തിനു ധാരാളം തെളിവു തരുന്നുണ്ട്. നവോത്ഥാനം ക്രിസ്തുമതത്തെ മാനുഷികമൂല്യമുള്ളതാക്കി. 19-ാം നൂറ്റാണ്ടിൽ ഹിന്ദുമതവും ഭാഗികമെങ്കിലും ഗണനീയമായ വിധം ഇത്തരത്തിലുള്ള പരിവർത്തനത്തിനു വിധേയമായി. ഇതൊക്കെയാണെങ്കിലും ഇസ്ലാം ഇന്നും അതിന്റെ നവോത്ഥാനം കാത്തുകിടക്കുകയാണ്. അതു നടക്കുന്നതു വരെ മുസ്ലീം സമൂഹത്തെ പരിഷ്ക്കരിക്കാനാവില്ല. ഉദാരവീക്ഷണമുള്ളതോ, സമഗ്രാധിപത്യമുള്ളതോ ആയിക്കൊള്ളട്ടെ. ആധുനികമായ മതേതര സമൂഹത്തിലേക്ക് മുസ്ലീം സമൂഹത്തെ ഒന്നിപ്പിച്ച് ചേർക്കാനാവുകയില്ല.

അങ്ങനെ ഇന്ത്യൻ സമൂഹത്തെ നവീകരിക്കുക എന്ന കൂടുതൽ വിശാലമായ പ്രശ്നത്തിന്റെ ഭാഗമായിത്തീരുകയാണ് ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ പ്രശ്നം. തനിക്കു മതപരവും സാംസ്കാരികവുമായുള്ള അസ്ഥിരത്വത്തിൽ നിന്നു രാഷ്ട്രീയാസ്ഥിരത്വത്തെ വേർപ്പെടുത്തുന്നതിനു ഹിന്ദുവും മുസ്ലീമും സന്നദ്ധരാകുന്നില്ലെങ്കിൽ, കഴിഞ്ഞ ചരിത്രത്തിന്റേയും നിലവിലുള്ള സാമൂഹ്യ ഘടനയുടേയും പശ്ചാത്തലത്തിൽ, ഹിന്ദുവിനും മുസ്ലീമിനും ഒന്നിച്ചു ജീവിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നത് അയഥാർത്ഥമായിരിക്കും. ചരിത്രപരമായും മറ്റു കാരണങ്ങളാലും ഹിന്ദുവിനു ഈ കാര്യത്തിൽ മെച്ചപ്പെട്ട നിലയാണുള്ളതു്. അക്കാരണം കൊണ്ട് തന്നെ, മുസ്ലീം സമൂഹത്തിന്റെ നവീകരണത്തെ പ്രോത്സാഹിപ്പിക്കേണ്ട ചുമതല അയാൾക്ക് വന്നു ചേരുന്നു. തന്ത്രപരമായ കാരണങ്ങളായിരിക്കാം, അതല്ലെങ്കിൽ, നവീകരണത്തിന്റെ ചുമതലയെക്കുറിച്ചുള്ള ധാരണകൾ ഉപരിപ്ലവവും അനുകരണാത്മകവും ആയതുകൊണ്ടുമാകാം, ഇതേവരെ ഈ ചുമതലനിറവേറ്റുന്നതിൽ അയാൾക്ക് വീഴ്ച വന്നിട്ടുണ്ട്. ഇതിന്റെ ഫലമായി, സദുദ്ദേശമുള്ള ഹിന്ദുക്കൾ തന്നെ പൊതുജീവിതത്തിൽ മുസ്ലീം സമൂഹത്തെ സംബന്ധിച്ചിടത്തോളം പൊതുവെ ഒരു മൃദുല സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. ആ സമീപനം പഴഞ്ചത്തത്തിൽ ഒരു നിക്ഷിപ്ത താൽപ്പര്യമുണ്ടാക്കിയിരിക്കയാണ്. വിദ്യാസമ്പന്നരായ മുസ്ലീമുകൾക്കിടയിൽ ആത്മരോദനം നടത്തുന്നതിനും ബാഹ്യലോകത്തിൽ നിന്നു തലവലിച്ച് സ്വന്തമുള്ളിൽ ഒതുങ്ങിക്കഴിയുന്നതിനുമുള്ള വാസനക്കു ഈ സമീപനം കാരണമായിട്ടുമുണ്ട്. മതേതര വീക്ഷണമുള്ള പുരോഗമനാശയക്കാരായ മുസ്ലീം നേതൃത്വം ഉയർന്നു വരുന്നതിനെ സഹായിക്കുന്നതിനു പകരം വിദ്യാസമ്പന്നരായ മുസ്ലീമുകളിൽ ഈ വാസനയാണ് കാണുന്നതു്. അതിലും കഷ്ടമായ കാര്യം മതത്തിന്റെ പേരിൽ ആധുനിക മനസ്സിന്റെയാവശ്യങ്ങളും ആധുനിക യുഗത്തിന്റെ ആവശ്യകതകളും കണക്കിലെടുക്കാൻ മുസ്ലീം സമൂഹത്തിന്റെ വക്താക്കൾ ശാഠ്യത്തോടെ വിസമ്മതം പ്രകടിപ്പിക്കുന്നതിന്റെ പ്രത്യാഘാതമായി, ഹിന്ദു പുനരുദ്ധാനത്തിന്റെ കൊടിക്കീഴിൽ സദുദ്ദേശമുള്ള ഹിന്ദുക്കൾ തന്നെ കൂടുതൽ കൂടുതൽ അണിനിരക്കുന്നതാണ്. ഇപ്പോഴത്തെ പോക്ക് തടഞ്ഞില്ലെങ്കിൽ, ഏതാനും വർഷത്തിനുള്ളിൽ ഹിന്ദുക്കളിലും മുസ്ലീമുകളിലും രാഷ്ട്രീയ യോജിപ്പുള്ളവർ മിക്കവരും ഒന്നിച്ചു ചേർന്നു ആർ. എസ്സ്. എസ്സി.ന്റേയും ജമാ-അത്ത്-ഇസ്ലാമിയുടെയും വേദികളിൽ നിന്നു പരസ്പരം ഏറ്റുമുട്ടുമെന്നു തീർച്ച. അവരുടെ വിധിയെക്കുറിച്ചു ആരും ആകുലരാവേണ്ടതില്ല. രണ്ടും തുലയട്ടെ എന്നാണ് എനിക്കു അവരോട് പറയാനുള്ളതു്. പക്ഷെ ഹിന്ദുക്കളായി കൊള്ളട്ടെ, മുസ്ലീമുകളായി കൊള്ളട്ടെ, വമ്പിച്ച ഭൂരിപക്ഷയാളുകളും കുറെക്കൂടെ അന്തസ്സുള്ള ഒരു സമൂഹത്തിൽ ജീവിക്കാൻ അർഹരാണ്. അതിനുള്ള സന്ദർഭമുണ്ടാകുന്നതിനു ഗുരുതരമായ തിരിച്ചടിയുണ്ടാകുമല്ലോ എന്നോർക്കുമ്പോഴാണ് വിഷമം. അതുകൊണ്ടാണ്, മുസ്ലീം താല്പര്യങ്ങളുടെ പരിരക്ഷകരെന്നു അവകാശപ്പെടുന്ന വരും പഴഞ്ചത്തംകൊണ്ടു നടക്കുന്നവരുമായ ആളുകളുമായി ഒരു തരത്തിലും ബന്ധംപുലർത്താതിരിക്കാൻ ജനാധിപത്യത്തിന്റേയും മതേതരത്വത്തിന്റേയും പേരിൽ സംസാരിക്കുന്നവരോടെല്ലാം ദൽവായ് അഭ്യർത്ഥിക്കുന്നതു്. വരാനിരിക്കുന്ന കുറച്ചു വർഷത്തേക്കു മുസ്ലീമുകളുടെ വോട്ടുകൾ നഷ്ടപ്പെടേണ്ടിവന്നാലും അത് ചെയ്യണമെന്നു അദ്ദേഹം അഭ്യർത്ഥിക്കുന്നു. മതേതരവീക്ഷണമുള്ള മുസ്ലീമുകളിൽ പ്രത്യേകിച്ചും യുവതലമുറയിൽപ്പെട്ടവരിൽ, ഹിന്ദുസമുദായത്തിൽ തങ്ങളെപ്പോലുള്ളവരുമായി ചങ്ങാത്തത്തിനാഗ്രഹിക്കുന്നവർ വേണ്ടുവോളമുണ്ട്. മതേതര വാദികളായ ഹിന്ദുക്കളുടെ ദീർഘവീക്ഷണമില്ലാത്ത അവസരവാദവും അന്തർമുഖതയും കാരണം സ്വന്ത സമുദായ

# കത്തുകൾ

## ജനം അംഗീകരിക്കയില്ല

ഫെബ്രുവരി22നു- യിലെ 'നിർണ്ണയ'ത്തിലെ 'എഴുതാപ്പുറം' വായിച്ചു. വർഗ്ഗീസ് സംഭവത്തെക്കുറിക്ക് 'മലയാള മനോരമ' വായിച്ചപ്പോൾ എനിക്കുതോ പ്രതികാരങ്ങൾ താങ്കൾ ഗംഭീരമായി അതിൽ ചിത്രീകരിച്ചിരിക്കുന്നു.

നക്സലൈററുകളെ രാഷ്ട്രീയത്തടവുകാരായി കാണാനും അവർക്കുവേണ്ടി ഡിഫൻസ് കമ്മററികൾ രൂപീകരിക്കാനും മുൻകയ്യെടുത്ത ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിൽനിന്നു ഈ മാതിരി അനുഭവം ഉണ്ടാകുമെന്നു പ്രതിക്ഷിച്ചിരുന്നതല്ല.

അക്രമികളെ കണ്ടാൽ തൽക്ഷണം വെടിവെച്ചു കൊല്ലണമെന്നുള്ള ഉത്തരവുമായാണ് "ധിരന്മാരായ" പോലീസ്കാർ വയനാടൻ വനങ്ങളിൽ തിരച്ചിൽ ആരംഭിച്ചത്. അതിനാൽ വർഗീസിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് 'മലയാള മനോരമ'യും പോലീസുംഎത്ര വളച്ചൊടിച്ച് ചിത്രീകരിച്ചാലും ജനങ്ങൾ അത് അംഗീകരിക്കണമെന്നില്ലല്ലോ,

ജി. ഗംഗാധരൻ.
സെക്രട്ടറി, ബ്ളോക്ക് യൂത്ത്
കോൺഗ്രസ്സ് കമ്മററി
അമ്പലപ്പുഴ.

x x x

## മാർക്സിസ്റ്റനുകൂലം

നിങ്ങളുടെ വാരികയിലെ 'എഴുതാപ്പുറം' പംക്തിയിൽ നക്സൽബാരി വർഗീസിനെ കൊലപ്പെടുത്തിയതിനെ ശക്തിയായി ആക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുണ്ട്. വർഗീസിനെ കൊലപ്പെടുത്തിയതിനെപ്പററി ഇത്രയേറെ വിമർശിക്കാനുണ്ടോ എന്നാണു എൻെറ സംശയം. വർഗീസ് ചില വീടുകളിൽ കയറി കൊള്ളയടിക്കുകയും വീട്ടുകാരെ കൊലപ്പെടുത്തുകയും ചെയ്തു. കൊള്ളയടിക്കപ്പെട്ട ഒരു വീട്ടുകാർ വർഗീസിനെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ വീട്ടുകാരുടെ മരണത്തിൽ നിങ്ങൾക്കു ദുഃഖമില്ലേ? വർഗീസിൻെറ മരണത്തിൽ മാത്രം ദുഃഖിക്കുന്നതു് എന്തുകൊണ്ട്? വർഗീസ് മാത്രമാണോ പൌരൻ? മരിച്ചവരും പൌരന്മാരല്ലേ? ആ കൊള്ളത്തലവനെ പോലീസ് വെടിവെച്ചു കൊന്നതിൽ ആർക്കും ദുഃഖമുണ്ടാകുകയില്ല. വർഗീസനെപ്പററി വ്യസനിക്കാൻ നിങ്ങളും ഇടതു് കമ്മ്യൂണിസ്റ്റുകാരുമല്ലാതെ മററാരുമുണ്ടാകയില്ലെന്നാണ് എൻെറ വിശ്വാസം.

പോലീസിനെ നിലക്കു നിർത്തണമെന്നു രാജൻെറ 'കാഴ്ചപ്പാടുകളിൽ' പറയുന്നു. നമ്പൂതിരിപ്പാടിൻെറ ഭരണകാലത്ത് പോലീസിനെ പാവയാക്കി കളിപ്പിക്കുകയായിരുന്നു. നിയമസമാധാനം തകർക്കുന്നവരേയും, ആസിഡ് ബൾബ്, ബോമ്പ്, ഡയനാമിററ് എന്നിവയുപയോഗിച്ച് അട്ടിമറി നടത്തുന്നവരേയും തല്ലുകയല്ലാതെ എന്തുചെയ്യണമെന്നാണ് രാജൻ പറയുന്നതു്? നമ്പൂതിരിപ്പാട് ഭരണകാലത്ത് മാർക്സിസ്റ്റുകാർക്കു മാത്രമേ സംരക്ഷണം ലഭിക്കുന്നുള്ളൂ എന്ന, ആക്ഷേപം കേരളത്തിൽ ഉണ്ടായിരുന്നു. അതുപോലെ തന്നെയായിരിക്കണം ഇപ്പോൾ ബംഗാളിൽ. ബംഗാൾ മുഖ്യമന്ത്രി അജയ്മുഖർജിയെ വിദ്യാർത്ഥികൾ കയ്യേററം ചെയ്തിട്ട് പോലീസ് മന്ത്രി ജോതി ബാസു എന്തുചെയ്തു?

വർഗീസിനെ 'മനോരമ' വിമർശിച്ചു എന്നാണ് 'നിർണ്ണയ'ത്തിൻെറ മറെറാരാക്ഷേപം. കൊള്ളത്തലവൻ വർഗീസിനെ തൻെറ പ്രവൃത്തികൾ തുടരാൻ അനുവദിക്കണമോ? 'നിർണ്ണയ'ത്തിൽ മാർക്സിസ്റ്റു ചായ്‌വ് കാണുന്നു. പത്രാധിപർ ആണെങ്കിൽ ഇന്ദിര ഗ്രൂപ്പ് കോൺഗ്രസ്സിനോട് അനുഭാവമുള്ളയാളുമാണ്. പിന്നെ ഈ ചായ്‌വ് എങ്ങിനെയുണ്ടായി.

തമ്പി എബ്രഹാം
ചിറേറഴത്ത് വീട്
കൊച്ചി-16.

x x x

## ഇടതിൻെറ വാലാക്കരുത്

'കോൺഗ്രസ്സ് വലതിൻെറ വാലാകരുതു്' എന്ന ലേഖനം വായിച്ചവസാനിപ്പിക്കുന്നതിനു മുമ്പ് താങ്കൾ തന്നെയാണോ അതെഴുതിയതെന്നു ഒന്നല്ലാ, രണ്ടു പ്രാവശ്യം നോക്കി. ആ ലേഖനം വായിച്ചു കഴിഞ്ഞപ്പോൾ താങ്കളെക്കുറിച്ചുള്ള എൻെറ സകല വിശ്വാസങ്ങളും നഷ്ടപ്പെട്ടു. കോൺഗ്രസ്സിൻെറ തളർച്ചയിൽ വേദനിച്ചിരു

---

ത്തിൽ നിന്നും ഹിന്ദുക്കളിൽ നിന്നു പോലും മാററി നിർത്തപ്പെടുന്നതായിട്ടാണ് അവർക്കു തോന്നുന്നതു്. മതേതര വാദികളായ ഹിന്ദുക്കൾ അവരെ കണ്ടെത്തി, ഹന്ദുക്കളോ മുസ്ളീമുകളോ എന്ന നിലയിലല്ലാ, ഇന്ത്യയിൽ ഒരു തുറന്ന സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള യത്നത്തിൽ ഏർപ്പെട്ടിട്ടുള്ള സഹപൌരന്മാർ എന്ന നിലയിൽ, അവർക്കു തങ്ങളൊന്നാണെന്ന തോന്നലുണ്ടാക്കട്ടെ.

തൻെറ സമീപനത്തെ അനുഭാവപൂർവ്വം കാണാൻ പഴയ തലമുറയിലെ വിദ്യാസമ്പന്നരായ മുസ്ളീമുകളെ പ്രേരിപ്പിക്കുന്നതിൽ ദൽവായ് എത്രത്തോളം വിജയിക്കുമെന്നു എനിക്ക് അറിഞ്ഞുകൂട. പക്ഷെ വിഭജനത്തിനു ശേഷമുള്ള ഇന്ത്യൻ സമൂഹത്തിൽ പുതിയ കെട്ടുബന്ധങ്ങൾക്കുവേണ്ടി ദാഹിക്കുന്നവരായിത്തോന്നുന്ന യുവമുസ്ളീമുകളുടെ ഹൃദയത്തിൽ ചെറുതായി സ്പർശിക്കുന്നതിൽ അദ്ദേഹം വിജയിച്ചിട്ടുണ്ടെന്നാണ് വ്യക്തിപരമായ നിരീക്ഷണങ്ങളിൽ നിന്നു എനിക്കു മനസ്സിലാകുന്നതു്. സദുദ്ദേശമുള്ള ഹിന്ദുക്കൾക്ക്, പ്രത്യേകിച്ചും യുവതലമുറയിൽപ്പെട്ട ആദർശപ്രേരിതരായവർക്കു, മുസ്ളീം പഴഞ്ചത്തത്തിൻെറ വെല്ലുവിളിയെ നേരിടുന്നതിനു ഹിന്ദു പുനരുദ്ധാരണം ഒരു കാര്യമല്ലെന്നു മനസ്സിലാക്കിക്കൊടുക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. ഇന്ത്യ ഒരു ഹിന്ദുരാഷ്ടമാകണമെന്നു വിശ്വസിക്കുന്നവർക്കു അദ്ദേഹത്തെ സംബന്ധിച്ച് പുനരാലോചന നടത്തേണ്ടി വന്നിട്ടുള്ളതെന്തുകൊണ്ടാണെന്നും ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ രാജ്യത്തിൻെറ ജനതയിൽ എഴുപത്തിയഞ്ചു ശതമാനത്തോളം വരുന്ന ഹിന്ദുക്കളുടെ യുവതലമുറ പഴഞ്ചന്മാരായിത്തീരുന്നതു് തടഞ്ഞാൽ പിന്നെ, ഇന്ത്യയിലെ മതേതരത്വത്തെ സംബന്ധിച്ചിടത്തോളം ദൽവായിയെക്കുറിച്ച് മററുള്ളവർ എന്തു വിചാരിക്കുന്നുവെന്നതു് കണക്കാക്കേണ്ടതില്ല.

എ. ബി. ഷാ.
ബോംബെ. പ്രസിഡൻറ്
നവ: 14,1968. ഇന്ത്യൻസെക്കുലർ ഫോറം

## കാഴ്ചപ്പാടുകൾ (തുടർച്ച)

നടപടികൾക്കും കക്ഷിപരിഗണനകൂടാതെ തുറന്ന പിന്തുണ നല്കുകയും കർമ്മരംഗത്തുള്ള യോജിപ്പുവഴി എല്ലാസോഷ്യലിസ്റ്റുകളേയും പ്രത്യേകിച്ച് ആദർശശുദ്ധിയുള്ളവരായ യുവാക്കളേയും വിദ്യാർത്ഥികളേയും യോജിപ്പിക്കുക എന്നിവ യൂത്ത്കോൺഗ്രസിന്റെ പരിപാടികളായിരുന്നു. രാജ്യവ്യാപകമായ സോഷ്യലിസ്റ്റ് സംഘടന കെട്ടിപ്പടുക്കുന്നതിനു യുവാക്കളെയും പ്രത്യേകിച്ച് സംഘടിതരായ വിദ്യാർത്ഥികളേയും ഉപയോഗിക്കണമെന്നു കരുതിയിരുന്നുവിദ്യാർത്ഥികളിൽ സ്വദേശീയബോധം ഉണ്ടാക്കി ദേശവ്യാപകമായ ഒരു സംഘടനയിലൂടെ സമൂലപരിവർത്തനം സാധിക്കണമെന്നതിനോടൊപ്പം കക്ഷിഭേദമെന്യേ ലക്ഷ്യത്തോടടുപ്പിക്കുന്നതെന്തിനേയും പിന്തുണക്കണമെന്നും . നിശ്ചയിച്ചിരുന്നു. വിദേശ ഇടപെടലുകളില്ലാതെയും ത്വരിതഗതിയിലുള്ള സമൂല പരിവർത്തനത്തിനു് വേണ്ടിയാവിഷ്കരിച്ച മാർഗ്ഗമാണിതു്.

യൂത്തു് കോൺഗ്രസിനു വേണ്ടി എം. എം. ജോൺ ആവിഷ്ക്കരിച്ച ഈ വക ലക്ഷ്യങ്ങളും പരിപാടികളും എത്രയേറെ ശ്ലാഘനീയമായിരുന്നാലും ശരി അതു് നടപ്പാക്കേണ്ടിയിരുന്ന സംഘടനയുടെ നേതൃത്വത്തിൽ വന്നവർക്കു അതു് ഉൾക്കൊള്ളാൻ കഴിയുന്നുണ്ടോ എന്നു സംശയിക്കാതെ തരമില്ല. യൂത്ത് കോൺഗ്രസ്സ് നേതൃത്വത്തിൽ നിന്നു് വിട്ടു് കെ. പി. സി.സിയിൽ വന്ന് ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ പ്രവർത്തിച്ച ജോൺ തന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ്ഫോറം രൂപവല്ക്കരിച്ചപ്പോൾ യൂത്ത്കോൺഗ്രസ്സ് നേതാക്കളായ വയലാർ രവി, എ. കെ. ആന്റണി, എ. സി. ജോസ് എന്നിവർ എതിർക്കുകയാണ് ചെയ്തതു്. എല്ലാ കോൺഗ്രസ്സുകാരും സോഷ്യലിസ്റ്റ്കാരാണെന്നും അതുകൊണ്ടു് പ്രത്യേകം സോഷ്യലിസ്റ്റ് ഫോറം ആവശ്യമില്ലെന്നും കെ. പി. സി. സി. നേതാക്കൾ പറഞ്ഞു അതേവാദം യൂത്ത് കോൺഗ്രസ്സ് നേതാക്കളും ആവർത്തിച്ചു. പ്രവർത്തന രംഗത്തു് നേരിട്ട ഈ തിരിച്ചടിക്കു കാരണക്കാരൻ ഒരു തരത്തിൽ എം. എ. ജോൺ തന്നെയാണ്. 'പിൻഗാമികളായി ഉയർത്തിക്കൊണ്ടു വന്നവർ ലക്ഷ്യബോധമില്ലാത്തവരായിപ്പോയി. അതുകൊണ്ടാണ് ടി. ഒ. ബാവക്കെതിരെ കെ. പി. സി. സി. പ്രസിഡണ്ടു് സ്ഥാനത്തിനു എം. എ. ജോൺ മത്സരിച്ചപ്പോൾ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് എ. കെ. ആന്റണി തന്നെ അതിനെ എതിർത്തതു്.

## കത്തുകൾ (തുടർച്ച)

ന്നു എന്നെപ്പോലുള്ള നിരവധി സാധാരണ പ്രവർത്തകർക്കു ''അച്ചടക്കമില്ലാത്ത കോൺഗ്രസ്സുകാരനായ'' താങ്കളെ സംബന്ധിച്ച് പല പ്രതീക്ഷകളുമുണ്ടായിരുന്നു. അതും നഷ്ടപ്പെട്ടിരിക്കുകയാണ്. ജനാധിപത്യത്തിന്റെ തകർച്ചയിൽ വേദനിക്കുകയല്ലാതെ മറ്റെന്തു ചെയ്യാനാണ്?

കമ്മ്യൂണിസത്തെ നശിപ്പിക്കാൻ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുണ്ടാക്കിയ വടക്കനെച്ചനും വില്ലിങ്ടണും അവസാനം സ്വരം മാറ്റി വഴിയും വിട്ടു സഞ്ചരിച്ചു. കുഷ്ഠരോഗികളെപ്പോലെ കമ്മ്യൂണിസ്റ്റുകാരെ കരുതണമെന്നു പറഞ്ഞവർ അവസാനം അവരുടെ കൂടെയായി കിടപ്പ്. എന്നിട്ടും അവർക്കു പറയാൻ വാക്കുകൾ ഉണ്ടായി. കമ്മ്യൂണിസത്തെ നശിപ്പിക്കാൻ അവരുമായി കൂട്ടുചേർന്നാലേ സാദ്ധ്യമാകുകയുള്ളുവെന്നു. ആ പറഞ്ഞവർ ഇന്നു തനി കമ്മ്യൂണിസ്റ്റുകളായി മാറിക്കഴിഞ്ഞിരിക്കയാണ്. ഇന്നു കമ്മ്യൂണിസത്തെ തകർക്കാൻ അവരുമായി ധാരണയുണ്ടാക്കുകയാണ് വേണ്ടതെന്നു താങ്കളുടെ നിഗമനം രാഷ്ട്രീയമായ താങ്കളുടെ പാപ്പരത്വത്തെ വിളിച്ചറിയിക്കുകയാണ്. ഇതെഴുതുവാൻ മാർക്സിസ്റ്റ് പത്രങ്ങളോ അല്ലെങ്കിൽ താങ്കളുടെ തന്നെ പത്രമോ അല്ലാതെ മറ്റൊന്നും സ്ഥലം നൽകുകയില്ല. കമ്മ്യൂണിസത്തിന്റെ 'ഫലങ്ങൾ' അനുഭവിച്ചറിഞ്ഞ കേരളത്തിലെ ജനാധിപത്യ കാംക്ഷികളോടു് താങ്കൾ ആഹ്വാനം ചെയ്യുന്ന മാർക്സിസ്റ്റ് പ്രേമം ചെവിക്കൊള്ളാൻ ഇന്ദിരാഗാന്ധിയുടെ കൂടെയുള്ള സോഷ്യലിസ്റ്റ് പ്രേമികൾക്കു കൂടി സാദ്ധ്യമാണോ? അല്ലേ അല്ലെന്നാണ് അവർ പറഞ്ഞ മറുപടി. എന്തായാലും സ്വന്തം പത്രമല്ലേ. എഴുതിക്കോളൂ. പക്ഷെ മാർക്സിസ്റ്റുകളുമായി സഖ്യമുണ്ടാക്കണമെന്നു കോൺഗ്രസ്സുകാരുടെ മുഖത്തു് നോക്കി പറയരുതെ! അതു് മാത്രമാണ് അപേക്ഷ.

എം. ആർ. ബാലരാമൻ മാസ്റ്റർ
പി. ഒ. കണ്ടശ്ശാങ്കടവു്.

X X X X

(മാസ്റ്റർക്കു ലേഖനം വായിച്ചിട്ടു് മനസ്സിലായില്ലെന്നു തോന്നുന്നു. കമ്മ്യൂണിസത്തെ തകർക്കുന്നതിനെപ്പറ്റിയൊന്നും ലേഖനത്തിൽ പറഞ്ഞിട്ടില്ല. മാസ്റ്റർക്കു അതിനു താല്പര്യമുണ്ടെങ്കിൽ മറ്റു വല്ലവരേയും നോക്കണം. ശാസ്ത്രീയ സോഷ്യലിസം നടപ്പാക്കുന്നതിനു കോൺഗ്രസ്സ് സ്വീകരിക്കേണ്ട നയത്തെപ്പറ്റിയാണ് ലേഖനത്തിൽ പറയുന്നതു്.

പിന്നെ മാസ്റ്റർ കാംക്ഷിക്കുന്ന ജനാധിപത്യത്തിൽ മാർക്സിസ്റ്റുകാരുമായി കൂട്ടുകൂടണമെന്നു പറയുന്നവർക്കു എഴുതാൻ പത്രസ്ഥലം കിട്ടുകയില്ലെന്നാണോ? അങ്ങിനെയാണെങ്കിൽ ആ ജനാധിപത്യം വേണ്ട. 'നിർണ്ണയ'ത്തിനു അത്തരം ജനാധിപത്യത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് ബാലരാമൻ മാസ്റ്റർക്കു പോലും പത്രസ്ഥലം അനുവദിക്കുന്നതു്—പത്രാധിപർ)

X X X X X

## താളുകൾ വർദ്ധിപ്പിക്കണം

പരിവർത്തനങ്ങളുടെ ഈ യുഗത്തിൽ രാഷ്ട്രീയ-സാമ്പത്തികരംഗങ്ങളിലെസ്ഥാപിതതാല്പര്യങ്ങൾക്കെതിരെ, ധീരമായ ശബ്ദമുയർന്നതാണ് 'നിർണ്ണയം'. കൂടുതൽ ചിന്താർഹങ്ങളും യുക്തിവാദപരവുമായ ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു. എന്നെപ്പോലുള്ളവർക്കു വാരികയുടെ താളുകൾ വർദ്ധിപ്പിക്കണമെന്നു ഒരെളിയ നിർദ്ദേശമുണ്ടു്. പുറം ചട്ടയേക്കാൾ പ്രധാനമാണിതു്.

സമുദായത്തിലെ കരിമ്പൂതൻ പിടിച്ച വർഗ്ഗ താല്പര്യങ്ങളുടെ പ്രതിനിധികൾക്കു് 'നിർണ്ണയം' ഒരു പേടി സ്വപ്നമായിരിക്കും. പുരോഗതിയിലേക്കുള്ള 'നിർണ്ണയ'ത്തിന്റെ പ്രയാണത്തിനു ഊക്കു് കൂട്ടാൻ ഈ നാട്ടിലെ പഴമയുടെ ചുടലപ്പിശാചുകളൊഴിച്ചു് മറ്റെല്ലാവരുമുണ്ടാകും. തീർച്ച.

കെ. എച്ച്. മുഹമ്മദ് അഷ്റഫ്.
എം. എ. എസ്സ്. എസ്സ്. ബിൽഡിങ്ങ്സ്
കൊച്ചി-2

0000

## കക്ഷി പരിഗണന ഇല്ലായ്മ

പിന്നീട്ടു് യൂത്ത് കോൺഗ്രസ് രംഗത്തു് പ്രവർത്തിക്കാൻ ജോൺ വീണ്ടും നിർബ്ബന്ധിതനായതു്. ഇതേ കാരണത്താലാണു്. 1967 ൽ കോട്ടയത്തു് കോൺഗ്രസിന്റെ സംസ്ഥാന സമ്മേളനം ചേർന്നപ്പോൾ കെ. പി. സി. സി. നേതാക്കളുടെ പിന്നോട്ടേക്കുള്ള യാത്ര തടഞ്ഞു നിറുത്താൻ യൂത്തു് കോൺഗ്രസ് പ്രവർത്തകർക്കു കഴിഞ്ഞു. കേന്ദ്ര ഗവർമ്മെണ്ടു് ജീവനക്കാരുടെ സമരത്തെ തുടർന്നു കെ. പി. സി. സി നേതാക്കൾ സംസ്ഥാന ഗവർമ്മേണ്ടിനെ പിരിച്ചു വിടണമെന്നു ഡൽഹിയിൽ പോയി നിവേദനം നടത്തിയപ്പോൾ അതിനെ പരസ്യമായിത്തന്നെ എം. എ. ജോണും യൂത്ത് കോൺഗ്രസ് നേതാക്കളും എതിർത്തു (19 നു- കഴിഞ്ഞ അടിയന്തിരാവസ്ഥക്കു 24നു- അടിയന്തിരാധികാരം ഉപയോഗിച്ചു് പിരിച്ചുവിടണമെന്നു ആവശ്യപ്പെടുന്നതിലെ വിരോധാഭാസം ചൂണ്ടിക്കാണിച്ചു കൊണ്ടു്, എം. എ. ജോൺ ചെയ്ത പ്രസ്താവന ചില കമ്യൂണിസ്റ്റു് പത്രങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തിയിരുന്നതായി ഓർക്കുന്നു.) കേരള സർവ്വകലാശാലാ ബില്ലിനു പിന്തുണ പ്രഖ്യാപിക്കാനും സ്വകാര്യ മാനേജ്മെൻറുകളിൽ തല്പരരായ കോൺഗ്രസ് നേതാക്കളെ നിലക്കു നിർത്താനും യൂത്തു് കോൺഗ്രസിനു സാധിച്ചു. ഭൂപരിഷ്ക്കരണ ഭേദഗതി നിയമം വന്നപ്പോഴും കോൺഗ്രസിനെ പിടിച്ചു നിത്തിയതു് യൂത്തു് കോൺഗ്രസ് മുൻകയ്യെടുത്തു് നടത്തിയ നയ പ്രഖ്യാപനങ്ങളാണ്. കേരളാ കോൺഗ്രസൊഴികെ മറെറാരു കക്ഷിയും ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തെ എതിർത്തില്ലെന്നു അന്നത്തെ മന്ത്രി ശ്രീമതി കെ. ആർ. ഗൌരി തന്നെ സംസ്ഥാന നിയമസഭയിൽ പറഞ്ഞതാണ്.

കെ. പി. സി. സി. നേതൃത്വത്തിനു തീരെ രുചികരമല്ലായിരുന്നു ഈ കഴിഞ്ഞ രണ്ടരവർഷം യൂത്ത് കോൺഗ്രസ് സ്വീകരിച്ച നയപരിപാടികൾ. പലതവണ കെ. പി. സി. സി. നേതൃത്വവും യൂത്ത് കോൺഗ്രസ്സും തമ്മിൽ ഏററുമുട്ടി. എന്നാൽ സുശക്തമായ യൂത്ത് കോൺഗ്രസിനെ വെറുപ്പിക്കാൻ കെ. പി. സി. സി. നേതൃത്വത്തിനു ധൈര്യമില്ലാതിരുന്നതുകൊണ്ടു് അവർ തക്കം പാത്തിരുന്നു. ഇതിനിടയിൽ തന്നെ യൂത്ത് കോൺഗ്രസ് സംഘടനയെ യഥാർത്ഥത്തിൽ നയിക്കുന്നതാരാണെന്നറിയാമായിരുന്ന. കെ. പി. സി. സി. നേതൃത്വം എം. എ. ജോണിനെതിരായി രണ്ടു് തവണ നടപടിയെടുക്കാനൊരുങ്ങി. നേതൃത്വത്തെ അധിക്ഷേപിച്ചുവെന്നു പറഞ്ഞ് എം. എ. ജോണിനെതിരെ ആദ്യം അച്ചടക്ക നടപടിക്കു നോട്ടീസ്കൊടുത്തു. പക്ഷെ അന്നും യൂത്ത്കോൺഗ്രസ് ഒററക്കെട്ടായതുകൊണ്ടു് നടപടിയൊന്നുമുണ്ടായില്ല. മതങ്ങളെ നശിപ്പിക്കണമെന്നു കോൺഗ്രസ് യോഗങ്ങളിൽ പ്രസംഗിക്കുന്നതു് തടയാൻ ജോണിനെതിരെ വിലക്കു് കല്പന പുറപ്പെടുവിച്ചു. (യഥാർത്ഥത്തിൽ ഇന്ത്യയുടെ രാഷ്ട്രീയ സാമ്പത്തിക പരിവർത്തനത്തിനു കളമൊരുക്കുന്നതിനു മുന്നോടിയായി മതങ്ങളെ തകർക്കേണ്ടതാവശ്യമാണെന്നു അഞ്ചാറു വർഷം മുമ്പേ തന്നെ യൂത്ത് കോൺഗ്രസ് സ്റ്റഡീക്ലാസ്സുകളിൽ പ്രചരിപ്പിച്ചിരുന്നതാണ്. ഇന്നത്തെ യൂത്ത് കോൺഗ്രസ് നേതാക്കൾ അതും വേണ്ടവണ്ണം മനസിലാക്കിയിട്ടില്ല.) അതിനെല്ലാം ശേഷം യൂത്ത് കോൺഗ്രസിന്റെ പാലക്കാട് സമ്മേളനത്തിലെ പ്രമേയങ്ങൾ കൂടിപുറത്തുവന്നപ്പോൾ കെ. പി. സി. സി. യുടെ അന്നത്തെ നേതൃത്വം 'ഇനി വിട്ടുകൂടാ' എന്നു ദൃഢനിശ്ചയം ചെയ്യുകയാണുണ്ടായതു്.

## പാലക്കാട് പ്രമേയം

എം. എ. ജോണിന്റെ നേതൃത്വത്തിൽ. തയാറാക്കപ്പെട്ട രാഷ്ട്രീയ–സാമ്പത്തിക വിദേശനയപ്രമേയങ്ങൾ.കെ. പി. സി. സി നേതൃത്വത്തെ ശുണ്ഠിപിടിപ്പിക്കുകയും ശ്രീ., ടി. ഒ. ബാവ പരസ്യമായിത്തന്നെ യൂത്ത് കോൺഗ്രസ്സ് നേതാക്കളെ ശകാരിക്കുകയും ചെയ്തു, പ്രമേയങ്ങൾ 'വെള്ളം ചേർത്തു് പാസാക്കപ്പെട്ടവയാണെങ്കിലും) എതിർത്തുകൊണ്ടു് ചില വൻകിട പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതി അനർഹമായ പ്രചരണം യൂത്ത് കോൺഗ്രസ്സ് നേതാക്കൾക്കു കൊടുത്തുവന്ന പത്രങ്ങൾ തന്നെ ഒരു പുനപ്പരിശോധനാസ്വരത്തിൽ പ്രകടനത്തിനല്ലാതെ, പ്രമേയങ്ങൾക്കു പ്രാധാന്യം നൽകിയില്ല. അത്ഭുതകരമാംവണ്ണം 'ദേശാഭിമാനി'യാണ് യൂത്ത് കോൺഗ്രസിന്റെ പ്രമേയങ്ങളെ അനുമോദിച്ചതു്. പത്രപ്രസ്താവനകളെ കണക്കിലേറെ ആശ്രയിച്ചു് രാഷ്ട്രീയ പ്രവർത്തനംനടത്തിവന്ന യൂത്ത് കോൺഗ്രസ്സ് നേതാക്കൾ പാലക്കാട്ടു് സമ്മേളനത്തിനശേഷം തിരക്കിട്ടു് തിരുത്തിച്ചുപോകാനാണ് നടത്തിയതു്. കോൺഗ്രസിനെ വലതുപക്ഷങ്ങളിൽ നിന്നു് കൂടുതൽ കൂടുതൽ അകററി നിർത്തണമെന്ന ലക്ഷ്യത്തോടെ പാലക്കാട്ടു് യൂത്തു് കോൺഗ്രസ്സും അതിനുമുമ്പു് കോൺഗ്രസ്സും അംഗീകരിച്ച പ്രമേയങ്ങൾക്കു കടകവിരുദ്ധമായി കൊച്ചി കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ്സുമായി ഐക്യമുന്നണിയുണ്ടാക്കി. ഇതിനെ വിമർശിച്ചു് എം. ഏ. ജോൺ പത്രപ്രസ്താവന ചെയ്തയന്നു തന്നെ കോൺഗ്രസിൽ നിന്നു പുറത്താക്കപ്പെട്ടു. താമസിയാതെ തന്നെ യൂത്ത് കോൺഗ്രസ്സ് നേതാവു് എ. സി. ജോസ് കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസ് പിന്തുണയുള്ള സ്ഥാനാർത്ഥിയാകുകയും ചെയ്തു. യൂത്ത്കോൺഗ്രസ് നേതാക്കളായ എ. കെ. ആന്റണി, വയലാർ രവി, ഉമ്മൻ ചാണ്ടി, തുടങ്ങിയവർ സ്വന്തം പ്രമേയതീരുമാനത്തിനു വിരുദ്ധമായി സംയുക്തയോഗങ്ങളിൽ പ്രസംഗിക്കാനാരംഭിക്കുകയും ചെയ്തു. മററാരോ പറയുന്നതു കേട്ടു് പുരോഗമനം കൊള്ളാമെന്നു കരുതി എന്തൊക്കെയോ ചെയ്യുക മാത്രമായിരുന്നു നേതാക്കൾ. പ്രമേയമൊന്നുമവർ ഉൾക്കൊണ്ടിരുന്നില്ല. കൊച്ചി കോർപ്പറേഷൻ തെരഞ്ഞെടുപ്പിലെ പരാജയവും യൂത്തു് കോൺഗ്രസണികളിൽ നിന്നുണ്ടായ ശക്തമായ വിമരശനവും യൂത്ത് കോൺഗ്രസ് നേതാക്കളെ നിഷ്ക്രിയരാക്കിയിരിക്കയായിരുന്നു. കെ പി സി നേതൃത്വവുമായി യൂത്ത് കോൺഗ്രസ് നേതാക്കൾ അടുത്തുവെങ്കിലും സ്വന്തം അണികളിൽ നിന്നു അകലുകയാണ് ചെയ്തതു്. ഇതു് അവരെ അമ്പരപ്പിച്ചു. ഇതിനകം പ്രസിഡൻറു് പദവും സെക്രട്ടറി പദവും മാറും അനുഭവിച്ചു ശീലച്ചു നേതാക്കൾക്കു് നേതൃസ്ഥാനം സ്ഥാപിതതാൽപര്യമായി മാറിക്കഴിഞ്ഞിരുന്നു. പോരാത്തതിനു യൂത്ത് കോൺഗ്രസിനു പ്രത്യേകമായി ഉണ്ടായിരുന്ന ഉദ്ദേശലക്ഷ്യങ്ങളെയും പരിപാടികളേയും ഉൾക്കൊള്ളാനുള്ള കഴിവും അവർക്കില്ലായിരുന്നു. അതുകൊണ്ടു് തങ്ങളുടെ വിമർശ

കരെയെല്ലാം തന്നെ അവർ അച്ചടക്കനടപടിക്ക് വിധേയരാക്കി. ടി. ഒ. ബാവയെ അനുകരിച്ച്, വിമർശകരായ സംസ്ഥാനക്കമ്മിററിയംഗങ്ങളെവരെ സംഘടനയിൽ നിന്നു പുറത്താക്കി. അനുസരിക്കാൻ കൂട്ടാക്കാത്ത കമ്മിററികൾ തന്നെ പിരിച്ചുവിടപ്പെട്ടു. വിമർശിക്കും എന്നു തോന്നുന്നവരെ യോഗത്തിനു വിളിക്കേണ്ടെന്നു വെച്ചു. കമ്മ്യൂണിസ്റ്റുകാരേയും ജനസംഘക്കാരേയും യോഗത്തിൽ പങ്കെടുപ്പിച്ചാലും തങ്ങളുടെ സംഘടനയുടെ നേതാവായിരുന്ന എം. ഏ. ജോണിനെ യോഗത്തിൽ പങ്കെടുപ്പിക്കരുതെന്നു തുരുതുരെ സർക്കലറുകൾ ഇറക്കി. കെ. പി. സി. സി. നേതൃത്വത്തിനെതിരെ ഒന്നും പറയാനാകാത്ത നിലവന്നു. പിന്തിരിപ്പന്മാരെന്നയാരോപണത്തിനു നേതാക്കൾ വിധേയരായി. അപ്പോഴാണ് കോൺഗ്രസ് സംഘടനയിലെ ഭിന്നിപ്പ് ഉണ്ടായതു്. തങ്ങൾ പിന്തിരിപ്പന്മാരല്ലെന്നു വരുത്താനുള്ള സന്ദർഭം കിട്ടിയതിൽ സന്തോഷിച്ച് യൂത്ത്കോൺഗ്രസ് നേതാക്കൾ ഇന്ദിരാഗാന്ധി സിന്ദാബാദ് വിളിച്ചു. പക്ഷെ അണികൾ അതുകൊണ്ടുമാത്രം സംതൃപ്തരായില്ല. എറണാകുളം ടൗൺഹാളിൽ ചേർന്ന പ്രതിനിധി സമ്മേളനത്തിൽ സംബന്ധിച്ചവർ യൂത്ത് കോൺഗ്രസ് കൈവിട്ട പുരോഗമനനയങ്ങൾക്ക വേണ്ടി വാദിക്കുകയും അതിന്റെ ഭാഗമായി എം. ഏ. ജോണിനെ കോൺഗ്രസ് സംഘടനയുടെ നേതൃസ്ഥാനത്തേക്കു കൊണ്ടുവരണമെന്നു ആവശ്യപ്പെടുകയും ചെയ്തു. പ്രതിനിധികൾക്കു വ്യാജമായ ഉറപ്പുകൾ നൽകി സ്ഥാനം രക്ഷിക്കാൻ വ്യഗ്രത പൂണ്ടവർ സമ്മേളനം അവസാനിപ്പിച്ചു.

## നേതൃത്വം സ്ഥാപിത താല്പര്യമാകുന്നു

ഇന്നു യൂത്ത്കോൺഗ്രസ് നേതാക്കൾ അണികളെ പിടിച്ചു നിറുത്താനുള്ള ശ്രമത്തിലാണ്. വ്യക്തമായ ലക്ഷ്യവും അതിനനുയോജ്യമായി ആവിഷ്ക്കരിക്കുന്ന പരിപാടികളും കൂടാതെ പ്രധാന മന്ത്രിയെ വരുത്തി പ്രസംഗിപ്പിച്ചും പ്രകടനം നടത്തിയും അതു സാധിക്കാമെന്നു കരുതുന്നതു വ്യാമോഹമായിരിക്കും. യൂത്തു് കോൺഗ്രസ് നേതാക്കൾ അണികളിൽ നിന്നുള്ള വിമർശനത്തെഭയപ്പെടരുതു്. കഴിഞ്ഞകാലത്തു് അവർക്കുപററിയ തെററുകൾ തിരുത്താവുന്നതാണ്. ഉത്സവംനടത്തുന്നതുപോലെസമ്മേളനംനടത്തിയാൽ രാഷ്ട്രീയമായ നേട്ടങ്ങൾ നേതാക്കൾക്ക അല്ലാതെ മററാക്കുമുണ്ടാകയില്ല. അതുകൊണ്ടു് യൂത്തു് കോൺഗ്രസ് നേതാക്കൾ ചെയ്യേണ്ടതും അതിനുവേണ്ടി മുമ്പ് ആവിഷ്ക്കരിച്ചിട്ടുള്ള നയപരിപാടികളേയും അവക്കു പിന്നിലുള്ള ഉദ്ദേശലക്ഷ്യങ്ങളേയും നല്ലവണ്ണം പഠിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയുമാണ്. നേതാക്കൾക്കതിനു സാധിക്കുന്നില്ലെങ്കിൽ ആത്മാർത്ഥതയുള്ള അണികളെങ്കിലും മുന്നോട്ടുവന്നേ മതിയാവൂ.

കോൺഗ്രസിനെ ഉപകരണമാക്കി ദേശവ്യാപകമായ സോഷ്യലിസ്റ്റ് സംഘടന കെട്ടിപ്പടുക്കുക, ലക്ഷ്യത്തിലേക്കു അടുപ്പിക്കുന്ന പരിപാടികൾക്കു പിന്തുണ, ലക്ഷ്യത്തോടടുപ്പിക്കാനുള്ള സമരം, പാർട്ടി പരിഗണനകൾക്കതീതമായ കാഴ്ചപ്പാട്, ലളിതമായ ജീവിതരീതി, ദേശീയമായ വീക്ഷണം, ജാതിമത വിശ്വാസങ്ങളെ തകർക്കൽ, എന്നിങ്ങനെ സമൂല പരിവർത്തനത്തിനുതകുന്ന നയങ്ങളും പരിപാടികളും മുമ്പ് എം എ ജോണിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ളതുതന്നെയാണ് ഇന്നും യൂത്തു് കോൺഗ്രസിനു മാർഗ്ഗനിർദ്ദേശകമായിരിക്കേണ്ടതു്. പുരോഗമനം അഭിനയിച്ചതു കൊണ്ടായില്ല. നിരവധി രാഷ്ട്രീയ പരീക്ഷണങ്ങൾ നടന്നു കഴിഞ്ഞ കേരളത്തിൽ നിന്നായിരിക്കും ഇന്ത്യയുടെ പുതിയ പരിവർത്തനത്തിന്റെ ശക്തിയുയരുന്നതെന്നു പ്രമേയം പാസാക്കിയതിന്റെ അർത്ഥം മനസിലാക്കി പ്രവർത്തിക്കുകയും വേണം. ഇന്ത്യയൊട്ടാകെയുള്ള വിദ്യാർത്ഥി സംഘടനകളെ ബന്ധിപ്പിക്കാനും ഒരു സോഷ്യലിസ്റ്റ് ഭരണഘടനയെന്ന മുദ്രാവാക്യം വെച്ചു കൊണ്ടു സോഷ്യലിസ്റ്റുകളെ ഏകീകരിക്കാനും, രാഷ്ട്രീയ അനിശ്ചിതത്വത്തെമുന്നിൽ കണ്ടുകൊണ്ടു് മുമ്പ് നൽകപ്പെട്ട ഉപദേശങ്ങളെ പ്രാവർത്തികമാക്കാനും യൂത്തു് കോൺഗ്രസ് മുൻകയ്യെടുക്കണം. പക്ഷെ, കേരളത്തിലെ യൂത്തു് കോൺഗ്രസിന്റെ ഇന്നത്തെ നേതാക്കൾക്കു ഈ വക കാര്യങ്ങളെക്കുറിച്ച് വീക്ഷണമില്ലെന്നതാണ് യാഥാർത്ഥ്യം. അതല്ലെങ്കിൽ മാർക്സിസ്റ്റുകാർ ഭരണഘടന തകർക്കുന്നുവെന്നു വിലപിച്ചുകൊണ്ടു് സംസ്ഥാന യൂത്തു കോൺഗ്രസിന്റെ ഉപദേശകനായ എ. സി. ജോർജ് ബാംഗ്ലൂരിലെ എ. ഐ സി. സി. യോഗത്തിൽ അടിയന്തിര പ്രമേയം അവതരിപ്പിക്കുമായിരുന്നില്ല. പതിനെട്ടു വയസ്സു കഴിഞ്ഞവർക്ക്. വോട്ടവകാശം വേണമെന്ന വാദത്തെ യൂത്തു് കോൺഗ്രസ് പ്രസിഡൻറ് എ. കെ. ആൻറണി എതിർക്കുമായിരുന്നില്ല.

അതുകൊണ്ടാണ് ഇന്ത്യക്കൊട്ടാകെ നേതൃത്വം നൽകുന്നതിനുള്ള പരിപാടികളെക്കുറിച്ച് നാലഞ്ചുവർഷമായി കേട്ടിട്ടും ഇന്ദിരാഗാന്ധിയുടെ പുറകേ മാത്രം ഇവർ പോകുന്നത്. ഇന്ദിരാഗാന്ധിയുടെ പരിപാടിക്കു ജയ്‌വിളിക്കാനല്ലാതെ മററൊന്നിനും ഇവർക്കു സാധിക്കാത്തത്. നേതൃസ്ഥാനത്തിരിക്കുന്നവരെ ആരാധിക്കുക അതു തന്നെ അനുയായികളെ കൊണ്ട് ചെയ്യിക്കുക എന്നതുംശീലമായിട്ടുണ്ട്. സംഘടന നയിക്കാൻ അത്രക്കു വലിയ സേവന പാരമ്പര്യമോ, പുതിയ പരിപാടികളോ ഇല്ലാത്തവരെ വർക്കിംങ്ങ് കമ്മററിയിലേക്കു നോമിനേററ്ചെയ്താൽ ഉടനെ അവരെ ക്ഷണിച്ചുവരുത്തി അവർക്കു സിന്ദാബാദ്‌വിളിക്കുന്നത്. ഇന്ദിരാഗാന്ധി വലത്കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുകൂടുമ്പോൾ ഒപ്പം കൂടണമെന്നു വാദിക്കുന്നത്. സ്വന്തമായിട്ടൊന്നും നിർദ്ദേശിക്കാനില്ലാത്തത് രാജ്യത്തിനു പുതിയതായി എന്തെങ്കിലും നൽകാൻ ഇപ്പോഴത്തെ യൂത്ത് കോൺഗ്രസ്സ് നേതാക്കൾക്കുകഴിയുമെന്നു കരുതാവുന്നതല്ല.

എന്നാലും ആത്മാർത്ഥതയുള്ളവരും ഈ രജ്യത്ത് സമൂലമായ പരിവർത്തനവും സമ്പൽ സമൃദ്ധിയും ഉണ്ടായിക്കാണണമെന്നാഗ്രഹിക്കുന്നവരും ആദർശ പ്രേരിതരുമായ ഒരു സംഘം യുവാക്കൾ യൂത്ത് കോൺഗ്രസിലുണ്ട്. ഇവരെ ആശ്രയിച്ചാണ് ഈ സംഘടനയുടെ ഭാവി നിലകൊള്ളുന്നതും നേതൃസ്ഥാനം സ്ഥാപിത താല്പര്യമാക്കിയവർ ഇവരെ വീണ്ടും പുറകോട്ട് തള്ളുന്നുവെങ്കിൽ യൂത്ത് കോൺഗ്രസിനെ കൊണ്ടു് ഒന്നോ രണ്ടോ സമ്മേളനങ്ങൾ കൂടി നടത്തുന്നതിൽ കവിഞ്ഞൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. ത്വരിതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ പരിതസ്ഥിതിയിൽ കേരളത്തിലെ സാധാരണ യൂത്തു് കോൺഗ്രസ്സുകാർ ആലോചിക്കേണ്ട കാര്യമാണിതു്.

Vol. 1

# NIRNAYAM

No. 5 (ERNAKULAM 8TH MARCH 1970) Price 35 Ps.

(എഴുതാപ്പുറം 2-ാംപേജിൽ നിന്നു തുടർച്ച)

പൊതുമേഖലാസ്ഥാപനമായ ടി. സി. സി.യിൽ നടന്ന അന്വേഷണത്തിൻെറ കാര്യത്തിൽ അവരുടെ നയം മറെറാന്നായിരുന്നെങ്കിലും. സി. ബി. ഐയുടെ അന്വേഷണ റിപ്പോർട്ട് പുറത്തുവരുകയോ അതിനെത്തുടർന്ന് എന്തെങ്കിലും നടപടിയുണ്ടാകുകയോ ചെയ്യുമെന്നു ആരും കരുതി സന്തോഷിക്കേണ്ട. ഇതിനകം തന്നെ അതിനുള്ള കൃത്യങ്ങൾ നീങ്ങിക്കഴിഞ്ഞു. മുൻ യൂത്ത് കോൺഗ്രസ് നേതാവും മുൻ എ. ഐ. സി. സി. നേതാവും ഇതിനോടകം തന്നെ തലസ്ഥാന നഗരിയിൽ എത്തിക്കാണണം. മററുരാഷ്ട്രീയ പാർട്ടി നേതാക്കളും മതനേതാക്കളും മത്സരിച്ച് രംഗത്തിറങ്ങും. "ഒരഗ്നിപ്രവേശനം കഴിഞ്ഞ് കാന്തിയോടെ പുറത്തുവന്ന സീതയെപ്പോലെ" കൂടുതൽ പരിശുദ്ധനായി രാജകീയ ശോഭയോടെ ഏലൂർ രാജാവു പുറത്തുവരുന്നതുകാണാം. അന്ന് ഇന്നത്തെ നിശ്ശബ്ദത മാററി പത്രങ്ങൾ വാചാലമാകുന്നതുമാണ്.

അതിനു മുൻപുതന്നെ, ഒരന്വേഷണവാർത്തകൾ മറച്ചു പിടിച്ചെങ്കിലും വാർത്തകൾ ജനങ്ങളിലേക്കു ചോർന്നുപോയി. അദ്ദേഹത്തിൻെറ യശസ്സിനു നേരിയ കളങ്കം നേരിടുന്നതിൽ വേദനിക്കുന്ന പത്രങ്ങൾ, എഫ്. ഏ. സി. ടി.യുടേയും മാനേജിംഗ് ഡയറക്ടരുടേയും അപദാനങ്ങളെ പ്രകീർത്തിക്കുന്ന മംഗളപത്രങ്ങളും ഫാക്ടിൻെറ പരസ്യങ്ങളുമായി സപ്ലിമെൻറുകൾ തന്നെ ഇറക്കി നഷ്ടപ്പെട്ട യശസ്സ് വീണ്ടെടുത്തുകൊടുക്കുവാൻ പരിശ്രമിക്കാതിരിക്കില്ല. പൊതുപ്പണമല്ലേ ആകാമല്ലോ?

00000

(കുറിപ്പുകൾ 1-ാം പേജിൽനിന്നു തുടർച്ച)

മേനോനാണ് കേരളത്തിലെ ഗാന്ധിശതാബ്ദിയാഘോഷക്കമ്മററിയുടെചെയർമാൻ. ഇതൊന്നും ആചാര്യകൃപലാനിയെപ്പോലുള്ളവർ എതിർത്തു കണ്ടിട്ടില്ല.

ഒരു പക്ഷെ, ഇവരുടെ ദൃഷ്ടിയിൽ എന്തു രാജ്യദ്രോഹം ചെയ്താലും ശരി, ഗാന്ധിജിയുടെ പടം വെച്ചു പൂജിച്ചാൽ മാത്രം മതി മററു യോഗ്യതകൾ നേടാൻ. ഗാന്ധിജിയുടെ നാമമുരുവിടുന്നതാണ് ഈ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെക്കാൾ വലുതെന്നാണോ ഇവർ കരുതുന്നത്. അങ്ങിനെയാണെങ്കിൽ' ആ അടിമത്ത ബോധത്തെ അധിക്ഷേപിക്കാതെ തരമില്ല. ജനാധിപത്യത്തേയും അഭിപ്രായ സ്വാതന്ത്ര്യത്തേയും പിടിച്ച് ആണയിടുന്നവർ എത്രമാത്രം അല്പബുദ്ധികളാണ്! റഷ്യയിലേയും ചൈനയിലേയും ഏകാധിപത്യത്തെ വാതോരാതെ അധിക്ഷേപിക്കുകയും കലാകാരന്മാർക്കു അവിടെ സ്വാതന്ത്ര്യമില്ലാത്തതിൻെറ പേരിൽ കണ്ണുനീരൊഴുക്കുകയും ചെയ്യുന്നവരാണവർ. സ്റ്റാലിൻ സ്തുതികളല്ലാതെ റഷ്യയിൽ സാഹിത്യമുണ്ടായിരുന്നില്ലെന്നും മാവോസ്തുതികളല്ലാതെ ചൈനയിൽസാഹിത്യമില്ലെന്നുംഇവർ ഇന്നും ആക്ഷേപിക്കുന്നുണ്ട്. നോബൽ സമ്മാനം നൽകപ്പെട്ട പാസ്റ്റർനാക്കിനെ അതു് സ്വീകരിക്കാൻ സമ്മതിച്ചില്ലെന്നായിരുന്നു മുമ്പ് റഷ്യയുടെ പേരിൽ കൊണ്ടുവന്ന ആരോപണം. റഷ്യൻ ഭരണകൂടത്തെ വിമർശിക്കുന്ന പാസ്റ്റർനാക്കിനെ സാഹിത്യ ബഹുമതി വാങ്ങാൻ അനുവദിക്കുന്നില്ലെന്നായിരുന്നു ആരോപണത്തിനു അടിസ്ഥാനമായി ഉന്നയിച്ച വാദം. അങ്ങിനെയാണെങ്കിൽ, ഗാന്ധിജിയെ വിമർശിക്കുന്നവർക്കു കലാബഹുമതികൾ കൊടുക്കരുതെന്നല്ലേ ഇപ്പോൾ ആചാര്യകൃപലാനിയും മററും വാദിക്കുന്നതെന്നു ചോദിക്കേണ്ടിയിരിക്കുന്നു. അപ്പോൾ സത്യം അതൊന്നുമല്ലാ. സാമ്രാജ്യത്വസേവ ചെയ്തുപിന്തിരിപ്പന്മാർക്കോ, വർഗ്ഗീയവിഷംപരത്തിയവർക്കോ, മുതലാളിത്തസേവ ചെയ്യുന്നവർക്കോ എന്തുബഹുമതികൊടുക്കുന്നതിനും കൃപലാനിയും കൂട്ടരും എതിരല്ല. മറിച്ച് ഇവയെ ഒക്കെ എതിർക്കുന്നവർ എത്ര തന്നെ യോഗ്യരായാലും ബഹുമതികൾക്കർഹരല്ലെന്നാണ് ഇവരുടെ അഭിപ്രായം.

ഗാന്ധിജിയുടെ നാമം ഉരുവിട്ട് പൂജ നടത്തുന്നവർ പത്മശ്രീ പോലുള്ള ബഹുമതികൾ നൽകുന്നതിനെ തന്നെ എതിർത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എല്ലാ പൌരന്മാരെയും തുല്യരായിപ്പരിഗണിക്കണമെന്നു എഴുതിവെച്ചിട്ടുള്ള ജനാധിപത്യ റിപ്പബ്ലിക്കൻ ഭരണഘടനയാണല്ലോ നമുക്കുള്ളത്. യഥാർത്ഥ റിപ്പബ്ലിക്കുകൾക്കു ചേർന്നതല്ലാ പത്മശ്രീ പോലുള്ള ബഹുമതികൾ എന്നു ആരും ഓർക്കാത്തതെന്ത്? രാജവാഴ്ചയുടേയും നാടുവാഴിത്വത്തിൻേറയും അവശിഷ്ടമാണ് ഈ പൊള്ളവാക്കുകൾ. ബ്രിട്ടീഷ് പാരമ്പര്യത്തിലെ 'സർ' സ്ഥാനവും പ്രഭുസ്ഥാനവും മററും കണ്ടു് അനുകരിച്ച് നമ്മുടെ രാജ്യത്തും പത്മശ്രീയും പത്മവിഭൂഷണും വലിച്ചുകൊണ്ടുവന്നിരിക്കുകയാണ്. രാജവാഴ്ചയുടെ പ്രാകൃതസ്വഭാവങ്ങൾ അവസാനിപ്പിക്കുന്നതിനു പകരം അതു തുടരാനാണ് നമ്മുടെ ഭരണാധികാരികൾ വ്യഗ്രത കാണിക്കുന്നതു്.

പത്മശ്രീയും ഭാരതരത്നവുംമററുംനൽകുന്നതു് യഥാർത്ഥത്തിൽ ഇന്നത്തെ ഭരണഘടനയുടെ തന്നെ 'സ്പിരിററി'നു യോജിച്ചതല്ല. ഭരണഘടനയുടെ 18-ാം ഖണ്ഡികയിൽ, സൈനികമോ വിജ്ഞാനപരമോ ആയ നേട്ടങ്ങൾക്കല്ലാതെ ഗവർമെണ്ട് ഒരു ബഹുമതിയും (ടൈററിൽ) നൽകരുതെന്നു വിലക്കിയിട്ടുണ്ട്. എന്നു വെച്ചാൽ ബ്രിട്ടനിൽ നൽകുന്ന 'സർ' സ്ഥാനത്തിനോ പ്രഭു സ്ഥാനത്തിനോ സമാനമായ ബഹുമതികളൊന്നും ഇന്ത്യയിൽ പാടില്ലെന്നർത്ഥം. പത്മശ്രീയും മററും അത്തരത്തിലുള്ള ബഹുമതിയല്ലായെന്നുവാദിച്ചുകേൾക്കാറുണ്ട്. പിന്നെ എന്തിനാണ് ഈ ബഹുമതിതന്നെ? തീർച്ചയായും അതു് പൊങ്ങച്ചവാസനയെ തൃപ്തിപ്പെടുത്തുന്നതിനുള്ളതാണ്. നമ്മുടെനാട്ടിലാണെങ്കിൽ പത്മശ്രീയും പത്മവിഭൂഷണും ചേർത്തു് ആളുകളുടെ പേർ പറഞ്ഞുകേൾക്കാറുമുണ്ട്. ടൈററിൽ എന്ന പദത്തിനു ആളുകളെ സാധാരണഗതിയിൽ വിശേഷിപ്പിക്കുന്നതിനു് ഭാഗമായി ഉപയോഗിക്കുന്ന സ്ഥാനപ്പേരു് എന്നാണു് നിഘണ്ടുവിൽ നൽകുന്ന നിർവ്വചനം. അപ്പോൾ ഭരണഘടന പറയുന്നതു് സ്ഥാനപ്പേരുകളൊന്നും നൽകരുതെന്നാണ്. പത്മശ്രീയും പത്മവിഭൂഷണും മററും സ്ഥാനപ്പേരല്ലെങ്കിൽ പിന്നെ എന്താണ്. ബഹുമതികൾക്കൊപ്പം പണമൊന്നും നൽകുന്നുമില്ല.

അതുകൊണ്ട് പത്മശ്രീ പത്മവിഭൂഷൻ ഭാരതരത്നം തുടങ്ങിയ പൊള്ളയായ ബഹുമതികൾ നൽകുന്ന ഏർപ്പാട് എന്നേക്കുമായി അവസാനിപ്പിക്കുകയാണ് വേണ്ടതു്. ഗാന്ധിജിയുടെ പേരിൽ വാദിക്കുന്നവർക്കും ജനാധിപത്യത്തിൻെറ പേരിൽ വാദിക്കുന്നവർക്കും ഭരണഘടനയുടെ പേരിൽ വാദിക്കുന്നവർക്കും ഇക്കാര്യത്തിൽ യോജിക്കാം.

—0—

Edited printed and published by M. A. John Convent Road Cochin-11

at Empees Press, Gopal prabhu Road, Cochin-11